ധന്യജീവിതങ്ങൾ-3

# ചാവറയച്ചൻ
# കഥപറഞ്ഞാൽ



M.1625
k1:155.

# ാവറയച്ചൻ കഥ പറഞ്ഞാൽ

CARMEL JYOTHI
ALWAYE
THAIKKATTUKARA

JANATHA SERVICES
ERNAKULAM

## ഇതരകൃതികൾ

| | |
|---|---|
| അടിതെററിയാൽ | (ബൈബിൾ നാടകം) |
| തിരിയും മുന്തിരിയും | ( ,, ) |
| അൽഫോൻസാമ്മ കഥ പറഞ്ഞാൽ | |
| Children's Treasure | |
| അച്ചടിയിൽ | |
| ലാവണ്യസാഗരം | (ബൈബിൾ നാടകം) |





ഗ്രന്ഥകർത്താ

1932-ൽ ജനനം വൈക്കത്തു്. ബിരുദാനന്തര വിദ്യാഭ്യാസത്തിനു ശേഷം ഉത്തരേന്ത്യയിലും ദക്ഷിണേന്ത്യയിലും ഇരുപതു വർഷത്തിലധികമായി വിദ്യാഭ്യാസരംഗത്തു് പ്രവർത്തിക്കുന്നു. ഇപ്പോൾ രാജഗിരി ഹൈസ്കൂൾ അദ്ധ്യാപകൻ. ഭാര്യ–മേരി. മക്കൾ–ഗ്രേഷ്യസ്, ഹണിമോൾ, ടെസ്സിറാണി, ജോജി.

വിലാസം : ജയമാതാ, തേവര
കൊച്ചിൻ–13
ഫോൺ : 354935

ടി. ടി. മുണ്ടയ്ക്കൽ

# ചാവറയച്ചൻ കഥ പറഞ്ഞാൽ

0. 60 ജനത തേവര

Distributed by:

**Janatha Book Stall,**
**Thevara, Cochin-13.**

© T. T. Mundakel, M. A., B.Ed. 1985

We thankfully acknowledge the substantial contribution from S. H. Monastery, Thevara towards the production cost of this book. Hence it is low priced.

Published by:

**Janatha Services, Thevara**
**Cochin-13,** Dec. 1985

Printed at:

K. C. M. Press, Cochin-11.

Art:

C. N. Raju, Alwaye Press

JS 00160 SN 00232 858619 5000-1

# അവതാരിക

1986 ഫെബ്രുവരി മാസത്തിൽ പരി. പിതാവു ജോൺ പോൾ രണ്ടാമൻ കേരളം സന്ദർശിക്കുകയും, ധന്യരായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, അൽഫോൻസാമ്മ എന്നിവരെ വാഴ്ത്തപ്പെട്ടവരെന്നു പ്രഖ്യാപിക്കുകയും ചെയ്തുവല്ലോ. ഈ ശുഭസന്ദർഭത്തിലാണ്, സാമാന്യജനങ്ങൾക്ക് ആസ്വാദ്യകരമായ രീതിയിൽ, 'ചാവറയച്ചൻ കഥ പറഞ്ഞാൽ' എന്ന ഗ്രന്ഥം ശ്രീ. ടി. ടി. മുണ്ടയ്ക്കൽ കൈരളിക്കു കാഴ്ച വെച്ചിരിക്കുന്നത്. ഇതിൻെറ ഏതാനും പേജുകൾ വായിക്കുമ്പോൾ തന്നെ, ഗ്രന്ഥകാരൻ അഭിനന്ദനാർഹനാണെന്ന് നമുക്കു ബോദ്ധ്യമാകും.

അസാമാന്യ വ്യക്തിവിലാസത്തിൻെറ ഉടമയായ ചാവറയച്ചനെപ്പററിയും, അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തെപ്പററിയും കൂലങ്കഷമായി പഠിക്കുകയും ഗ്രഹിക്കുകയും ചെയ്തതിനു ശേഷമാണ് ഈ ഗ്രന്ഥം രചിച്ചതെന്ന്, ഇതിൻെറ ആദ്യാവസാനം വരെ അവിടവിടെ തലയെടുത്തു നിൽക്കുന്ന ഉദ്ധരണികളും, കത്തുകളും, സംഭവകഥകളും വ്യക്തമാക്കും. ആമുഖത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ബന്ധപ്പെട്ട സ്ഥലങ്ങളേയും ആളുകളേയും മററും സന്ദർശിച്ചു നേടിയ അറിവും, ഗ്രന്ഥകാരൻെറ നമ്മഭാവനയും കൈകോർത്തുപോകുന്ന ഈ കൃതി വായിച്ചാൽ, ധന്യനായ ചാവറയച്ചൻ തന്നെ തൻെറ ജീവിതകഥ — കൈനകരിയിൽ ആരംഭിച്ച് കൂനമ്മാവിൽ അവസാനിപ്പിച്ച സംഭവബഹുലമായ കഥ — ഏററെക്കുറെ സമ്യക്കായി നമ്മോടു പറയുകയാണെന്ന വിശ്വാസം നമ്മിൽ സംജാതമാകും.

ആത്മകഥാ കഥനത്തിന്റെ സങ്കേതം സ്വീകരിച്ച് ജീവചരിത്രമെഴുതുന്ന പുതിയ ഒരു സരണി മലയാള സാഹിത്യത്തിലേക്കു ആദ്യമായി വെട്ടിത്തുറന്ന ശ്രീ. ടി.ടി. മുണ്ടയ്ക്കലിനു്, 'അൽഫോൻസാമ്മ കഥ പറഞ്ഞാൽ' എന്നതിനു ലഭിച്ചതുപോലെയുള്ള സ്വീകരണവും, പ്രോത്സാഹനവും ഈ കൃതിവഴിയും ന്യായമായും പ്രതീക്ഷിക്കാം.

ചാവറയച്ചനെപ്പററി ഇതേവരെ പുറത്തിറങ്ങിയ പുസ്തകങ്ങളിൽവെച്ച്, പലതുകൊണ്ടും മികച്ചതാണ് ഇതു് എന്നു തുറന്നുപറയുവാൻ എനിക്കു അനല്പമായ സന്തോഷമുണ്ട്. മനം കവരുന്ന ഭാഷയിലും, സുന്ദരമായ ശൈലിയിലും, ആദ്യന്തം ഉദ്വേഗത നിലനിർത്തുന്ന രീതിയിലും ഈ ഗ്രന്ഥം കൈരളിക്കു കാഴ്ചവെച്ച മുണ്ടയ്ക്കലിനെ ആത്മാർത്ഥമായി അഭിനന്ദിച്ചുകൊണ്ടും, ഇതിനു പ്രചുര പ്രചാരം നേർന്നുകൊണ്ടും, കേരളസഭ ഇതിൽനിന്നും വേണ്ടത്ര പ്രയോജനമെടുക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടും, ചാവറയച്ചന്റെ അനുഗ്രഹം ഗ്രന്ഥകാരനും അനുവാചകർക്കും സമൃദ്ധിയായി ഉണ്ടാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ടും, ഈ ഗ്രന്ഥം ഞാൻ അവതരിപ്പിക്കട്ടെ.

**ഫാ. വിജയാനന്ദ് സി. എം. ഐ.**

പ്രിയോർ ജനറാൾ

(ഒപ്പ്)

എറണാകുളം,
**25–12–1985.**

# ആമുഖം

നമ്മുടെ ചാവറപ്പിതാവിൻെറ പടം കൺമുമ്പിൽ വെച്ചുകൊണ്ടു്, ചുംബിച്ചുകൊണ്ടു്, പിതാവിനോടു പ്രാൎത്ഥിച്ചുകൊണ്ടു് എഴുതിയതാണു്, ഈ ലഘു ജീവചരിത്രം. അനുവാചകൎക്കു 'അൽഫോൻസാമ്മ കഥപറഞ്ഞാൽ' എന്നതുപോലെ ഇതും ആസ്വാദ്യകരമായി തോന്നുമെങ്കിൽ, അതിനു കാരണക്കാരൻ ചാവറയച്ചൻതന്നെയാണെന്നു്, പ്രഥമതഃ ഏററുപറഞ്ഞുകൊള്ളട്ടെ. വാസ്തവത്തിൽ ചാവറയച്ചൻെറ ജീവചരിത്രം കടലാസിലേക്കു പകൎത്തുവാൻ ഇതുപോലെ പത്തു പുസ്തകമെങ്കിലും വേണ്ടിവരും. അത്രയ്ക്കു അത്ഭുതാവഹവും സംഭവബഹുലവുമായിരുന്നു, ആ ധന്യാത്മാവിൻെറ ജീവിതം.

ഗ്രന്ഥസൂചിയിൽ കാണുന്നതുപോലെ രണ്ടു ഡസനിലധികം ഗ്രന്ഥങ്ങളും, ചാവറയച്ചനെപ്പററി എന്നേക്കാളധികമറിയാവുന്ന വൈദികരും കന്യാസ്ത്രീകളുമടക്കം പലരും ഇതിൻെറ പണിപ്പുരയിൽ എന്നെ സഹായിച്ചിട്ടുണ്ടു്. ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദൎശിക്കുവാനും, പാടുള്ളിടത്തോളം തെളിവുകളെടുക്കുവാനും ഞാൻ ശ്രമിച്ചിട്ടുണ്ടു്. എന്നിട്ടും എന്തെങ്കിലും പാകപ്പിഴകൾ ഇതിൽ കടന്നുകൂടിയിട്ടുണ്ടെങ്കിൽ, അതിൻെറ പൂൎണ്ണ ഉത്തരവാദി ഞാനാണു്. സഹൃദയർ സദയം ക്ഷമിക്കുമല്ലോ.

ഇങ്ങനെ ഒരു പുസ്തകമെഴുതുവാൻ എന്നോടു് ആവശ്യപ്പെട്ടതും, അതിൻെറ പണിപ്പുരയിലേക്കു വേണ്ട സാമഗ്രികൾ എത്തിച്ചുതന്നതും, ഇതിൻെറ പ്രസാധകത്വം സദയം ഏറെറടുത്തതും, 'ജനത'യുടെ ബ. ടി. എ. ആൻറണിയച്ചനാണു്.

ഇതു ശ്രദ്ധാപൂർവ്വം വായിച്ച് നിശിതമായി വിമർശി ക്കുകയും, വീണ്ടും വീണ്ടും തെളിവുകൾ പരിശോധിപ്പിക്കു കയും ചെയ്ത്, ഇതിനെ ഇത്രയും തൃപ്തികരമാക്കിയ റവ. ഫാ. സീലാസ് സി.എം.ഐ., കോഴിക്കോട് സി.എം. ഐ. പ്രവിശ്യാധിപൻ റവ. ഫാ. സെബാസ്റ്റ്യൻ പൂണോലി എന്നിവരോടും പലവിധ സഹായസഹകരണങ്ങൾ നൽകിയ വൈസ് പോസ്റ്റുലേററർ ബ. കായൂസച്ചൻ, ഫാ. ജോസഫ് പുല്ലോപ്പിള്ളി C.M.I. തുടങ്ങിയ ബ. വൈ ദികരോടും, സി. ജർത്രൂദ് തുടങ്ങിയ ബ. കന്യാസ്ത്രീക ളോടും എനിക്കുള്ള അനല്പമായ നന്ദിയും ഞാനിവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ഒരു അവതാരികയാൽ ഈ എളിയ കൃതിയെ ധന്യ മാക്കിയ സി. എം. ഐ. സഭയുടെ പ്രിയോർ ജനറാൾ പെ. ബ. വിജയാനന്ദ് അച്ചനോടുള്ള എൻെറ കടപ്പാട നിസ്സീമമാണ്.

ചാവറയച്ചൻെറ അരുമസന്താനങ്ങളായ ഇന്നത്തെ സി.ററി.സി., സി.എം.സി. സഭാംഗങ്ങൾ, റീത്തു വിഭ ജനത്തിൻെറ കഴിഞ്ഞ കഥകൾ വിസ്മരിച്ച്, ചാവറയ ച്ചൻ കൂനമ്മാവിൽ തുടങ്ങിവെച്ച അതേ രീതിയിൽ ഏകോ ദരസഹോദരങ്ങളെപ്പോലെ കൂടുതൽ ഐക്യത്തോടെ മുന്നോട്ടു പോകുവാനും, ധന്യനായി അൾത്താരയിൽ നാം വണങ്ങുവാൻ പോകുന്ന ഈ മഹാത്മാവിൻെറ മഹനീയ ജീവിതം, അനുവാചകരിലാരുടെയെങ്കിലും ഹൃദയത്തിൽ തട്ടി തൻെറ ജീവിതനവീകരണത്തിനും ഭാഗ്യമരണ ത്തിനും ഇടയാക്കുവാനും, ഈ എളിയ കൃതി അല്പമെങ്കിലും വഴിയൊരുക്കുമെങ്കിൽ, ഞാൻ ചാരിതാർത്ഥനായി.

ദൈവമഹത്വത്തിനുവേണ്ടി, ചാവറയച്ചൻെറ തൃപ്പാ ദത്തിങ്കൽതന്നെ ഈ ലഘു ഗ്രന്ഥം സാദരം ഞാൻ സമർപ്പി ച്ചുകൊള്ളുന്നു.

പ്രശ്രയപൂർവ്വം,

**ടി. ടി. മുണ്ടയ്ക്കൽ**

# I

## ഓർമ്മിക്കാൻ, ഓമനിക്കാൻ

ഓർമ്മിക്കാനും ഓമനിക്കാനുമായി ആരെങ്കിലും അമലോത്ഭവമാതാവിൻെറ നാമത്തിൽ മരം നട്ടമോ? 1855 ഡിസംബർ 8-ാം തീയതിയിലെ സുപ്രഭാതത്തിൽ, അതാണു ഞാൻ ചെയ്തതു്. എവിടെയാണെന്നോ ...?

സമീപത്തുതന്നെ, വള്ളമടുക്കുവാൻ മാത്രം വെള്ളമുള്ളിടത്തു്; മന്ദമാരുതൻ സദാ തഴുകുന്ന മൊട്ടക്കുന്നുകളുള്ളിടത്തു്; തഴച്ചുവളൻ്ന തലയാട്ടി സുഖിക്കുന്ന തരുലതാദികൾ നിബിഡമായി നിൽക്കുന്നിടത്തു്; എവിടെ നോക്കിയാലും പ്രകൃതിരമണീയത തകൃതിയായി നൃത്തം ചവുട്ടി നിൽക്കുന്നിടത്തു്; അതെ, മാന്നാനം കരയുടെ സുന്ദരമായ നടുമുററത്തു്...!

കാരുണ്യവാനായ ദൈവം, ആ തൈമരം വളൻ്ന വലുതാകാനിടയാക്കി. പൂവും കായുമണിയാനിടയാക്കി. തന്നെയുമല്ല വേഗം വേരുകരം പിടിക്കുന്ന അതിൻെറ ശാഖകരം, കൂനമ്മാവിലും, എൽത്തുരുത്തിലും, വാഴക്കുളത്തും, അമ്പഴക്കാട്ടും മുത്തോലിയിലും, പുളിങ്കുന്നിലും നട്ടുവളത്താനിടയാക്കി.

സ്വർഗ്ഗീയ സൗരഭ്യം പരത്തുന്ന സുമങ്ങളും, സ്വർഗ്ഗസിംഹാസനത്തിനുതകുന്ന ഫലങ്ങളും പുറപ്പെടുവിക്കുന്ന ആ പുണ്യതരു, ഇന്നു് കേരളത്തിലുടനീളം ദർശനൈകവേദ്യമാണു്... !

ഏതു ശീതോഷ്ണാവസ്ഥയിലും, പ്രതികൂല സാഹചര്യങ്ങളിലും വേരുപിടിച്ചു വളൻ്നയരുന്ന ആ മരം, കേരളത്തിനു പുറത്തും അതിൻെറ വേരുകളൂന്നി; ശാഖകരം വീശി. മൈസൂറിലും, ബാംഗ്ളൂരിലും, ചാന്ദായിലും, സാഗറിലും, കോയമ്പത്തൂരും, ജഗദൽപ്പുരും, ബിജ്നോ

റിലും, രാജക്കോട്ടിലും, ഇന്നു് ആ പുണ്യതരുവിൻെറ തേജസ്സററ ഫലങ്ങൾ കാണാം.

എന്തിനധികം, ഇന്ത്യക്കു പുറത്തു് സൗത്ത് അമേരിക്കയിലെ പെറുവിലും, ഇന്ത്യാനായിലെ ഗേറിയിലും, ട്രെൻടൺ, ന്യൂ ജർസി, യു. എസ്.എ, റോം തുടങ്ങിയ സ്ഥലങ്ങളിലും, ഈ പുണ്യതരുവിൻെറ സുമസൗരഭ്യം അനുഭവവേദ്യമായിക്കൊണ്ടിരിക്കുന്നു...!

സുമാർ പതിമ്മൂന്നു ദശവത്സരങ്ങൾക്കു മുൻപു്, അമലോത്ഭവ മാതാവിൻെറ തിരുനാൾ ദിനത്തിൽ, എളിയ ദാസനായ ഈ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ, ദൈവതിരുമനസ്സിനു കീഴ്വഴങ്ങി, മുൻഗാമികളുടെ പന്ഥാവിലൂടെ പിടിച്ചിറങ്ങി, നട്ടുപിടിപ്പിച്ച ആ മരമാണു്, ഇന്നു് ഓർമ്മിക്കാനും ഓമനിക്കാനും മാത്രമല്ല, അഭിമാനിക്കാനുംകൂടി വക തരുന്ന അമലോത്ഭവ ദാസസംഘം അഥവാ സി.എം.ഐ. സഭ...!

## ബീജാവാപത്തിൻെറ കഥ

ആ പുണ്യതരുവിൻെറ വിത്തുപാകിയതു്, 1831 മേയ് 11-ാം തീയതിയാണു്; ബ. പോരൂക്കരെ തോമ്മാച്ചൻെറ പാവന കരങ്ങളാലാണു്; *പെ.ബ. മാർ മൗറേലിയോസ് മെത്രാനച്ചൻെറ മഹനീയ സാന്നിദ്ധ്യത്തിലാണു്. ബ. പാലയ്ക്കൽ തോമ്മാച്ചനും, ബ. പോരൂക്കരെ അച്ചനും, ഈ എളിയവനും അന്നു് സാഫല്യസാഗരത്തിൽ മുങ്ങിക്കുളിച്ചു. കാരണം, അത്രയധികം ത്യാഗങ്ങളും, ക്ലേശങ്ങളും, ബുദ്ധിമുട്ടുകളും ഞങ്ങൾ മൂന്നുപേരും അതിനകം സഹിച്ചിരുന്നു; ആ വിത്തു പാകുന്നതിനു അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കുന്നതിനുവേണ്ടി; മനോഹരമായ ആശ്രമജീവിതത്തിനു് അസ്ഥിവാരമിടുന്ന ആ മഹനീയ ദിവസത്തിനുവേണ്ടി.

---

പെ. ബ. — പെരിയ ബഹുമാനമപ്പെട്ട (അഭിസംബോധനാ പ്രയോഗം)

## ആദ്യത്തെ അത്ഭുതം

അന്നേ ദിവസത്തിന്, അത്ഭുതകരമായ ഒരു സംഭവം, സാക്ഷ്യം നിന്നു. മാമര നിഴലുകൾ കിഴക്കോട്ടു നീളുകയായിരുന്നു. ആ സമയത്ത്, കളപ്പുരയിൽവച്ച് ബ. പോരുക്കരെ അച്ചൻ കുരിശു *റൂശ്ശാ ചെയ്തു. കൊട്ടം ഘോഷത്തോടുംകൂടി കൊണ്ടുവന്നു. സഭാതരുവിന്റെ വിത്തു കുഴിച്ചിട്ടുന്ന മട്ടിൽ ആ കുരിശു നാട്ടി.

സമയം രാത്രിയായി. ചുററും ഇരുട്ടുകൂടി. എങ്കിലും ഞങ്ങളെല്ലാവരും മുട്ടുകുത്തി. ഭക്തിപൂർവ്വം സകല പുണ്യവാന്മാരുടെ ലുത്തിനിയ ചൊല്ലി. അതിനുശേഷം ആളുകൾ പിരിയുവാൻ തുടങ്ങി. പെട്ടെന്നു ഒരു പൈതലിന്റെ നിലവിളി:

—അയ്യോ...! എന്നെ പാമ്പു കടിച്ചേ...

—കർത്താവേ, ചതിച്ചോ...

—ആരാ അതു്? എന്തു പററി...? ഈ പയ്യനേതാ...?

അങ്കലാപ്പിലായ ആളുകളുടെ ചോദ്യവർഷം....! ആരോ മറുചോദ്യമെറിഞ്ഞു:

—ഇവൻ നമ്മുടെ ഉള്ളാട്ടുതറെ *ശെമ്മാച്ചന്റെ അനിയനല്ലേ...?

പാലായിൽ നിന്നു വന്ന ആ ശെമ്മാച്ചന്റെ അനുജനെ വേഗം ആരോ താങ്ങിയെടുത്തു. അവനു വല്ലാത്ത ഉഷ്ണം, പരവേശം..., സംഭ്രമം... !

— നടക്കാമോ മോനെ...? നമുക്കു താഴോട്ടുപോകാം.

—അയ്യോ എനിക്കു വയ്യേ...!

അതു പറഞ്ഞുതീർന്നതോടെ വെയിലത്തിട്ട താമരത്തണ്ടുപോലെ അവൻ തളർന്നു. അവനെ ഒരു വിധത്തിൽ കുന്നിന്റെ മുകളിൽ നിന്നും താഴെയിറക്കി.

---

റൂശ്മാ ചെയ്തു — വെഞ്ചരിച്ചു – ആശീർവ്വദിച്ചു.

ശെമ്മാശൻ — വൈദിക വിദ്യാർത്ഥി.

അപ്പോഴേക്കും ബ. പോരൂക്കരയച്ചൻ *ഹന്നാൻ വെള്ളവുമായി ഓടിവന്നു. അച്ചൻ പറഞ്ഞു :

—നിങ്ങളെല്ലാവരും മുട്ടുകുത്തുക. അവനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം.

—കോറംവായ് കണ്ടോ ! ചെറുക്കനെ ഉടനെ വിഷകാരിയുടെ അടുത്തുകൊണ്ടുപോകണം. അല്ലെങ്കിൽ... !

—വേണ്ടാ. നമുക്കു പ്രാർത്ഥിക്കാം. അതു മതി.

അച്ചൻ തറപ്പിച്ചു പറഞ്ഞു. പിന്നീടു മറുത്തു പറയാൻ ആരും മുതിർന്നില്ല.

ബ. അച്ചൻ ഹന്നാൻ വെള്ളം തളിച്ചു. അച്ചനോടൊപ്പം ഞങ്ങളും പ്രാർത്ഥിച്ചു. സർപ്പത്തിന്റെ തലതകർത്ത മാതാവ്, ഈ വിഷബാധ അകററുമെന്ന പൂർണ്ണശരണത്തോടെ.

കടുത്ത വിഷമുള്ള ഏതോ മൂർഖനായിരുന്നു ആ പയ്യനെ കടിച്ചതെന്നു പലരും പറഞ്ഞു. എങ്കിലും വിഷവൈദ്യന്റെ ചികിത്സ കൂടാതെ തന്നെ അവൻ സുഖം പ്രാപിച്ചു. നേരം വെളുത്തു. പൂർണ്ണസൗഖ്യത്തോടെ അവൻ തിരിച്ചു പോകുകയും ചെയ്തു.

കരുണാനിധിയായ ദൈവത്തിനു ഞങ്ങളെല്ലാവരും നന്ദി പറഞ്ഞു. അന്നു കുരിശു നാട്ടിയ അതേ സ്ഥലത്താണ്, ഇന്ന് സ്വയം കിളുത്തുവന്നതുപോലെ മന്നാനത്തു തലകിളത്തി നിൽക്കുന്ന കൊച്ചു കപ്പേള... !

## മുളച്ചു പൊങ്ങിയ തൈ

1841 ജനുവരി 16-ാം തീയതി ബ. പാലയ്ക്കലച്ചനേയും, 1846 ജനുവരി 8-ാം തീയതി ബ. പോരൂക്കരെ അച്ചനേയും, ദിവ്യനാഥൻ തിരികെ വിളിച്ചു; നിത്യസമ്മാനം നൽകി അനുഗ്രഹിക്കുവാൻ. പിന്നീടു നാഥന്റെ വയലിലേയ്ക്കു ഇറക്കിവിട്ടതു്, ചെറുപ്പം കൊണ്ടും പരിചയക്കുറവുകൊണ്ടും ഭോഷനായ ഈ എളിയ ദാസനെയായിരുന്നു ... !

---

*ഹന്നാൻവെള്ളം — വിശുദ്ധ ജലം

മുളച്ചുപൊങ്ങിയ സഭാതരുവിനു വേണ്ടത്രേ വളവും വെള്ളവും നൽകി വളർത്തി വലുതാക്കുവാൻ, ഈ കഴിവു കെട്ടവൻ പെട്ട പാട്, ഊഹിക്കുകയായിരിക്കും ഭേദം. കരുണാനിധിയായ കർത്താവിൽ ആശ്രയിച്ചുകൊണ്ട്, നമ്മുടെ അമ്മയായ പരി. കന്യാസ്ത്രീ മറിയത്തിന്റെ സഹായം തേടിക്കൊണ്ട്, വരാപ്പുഴ വികാരി അപ്പസ്തോലിക്കമാരായി മാറിമാറി വന്ന, ഫ്രാൻസീസ് സേവിയർ മെത്രാപ്പോലീത്താ, ലൂദ്‌വിക്കോസ് മെത്രാപ്പോലീത്താ, ബർണ്ണർദീനോസ് മെത്രാപ്പോലീത്താ എന്നീ തിരുമേനിമാരുടെ പിന്നാലെ ഞാൻ മുട്ടിപ്പായി നടന്നു; തേൻ സംഭരിക്കുവാൻ വെമ്പുന്ന തേനീച്ചയെപ്പോലെ. സെമ്മിനാരിയിലെ മല്പാനായിരിക്കെത്തന്നെ, ആശ്രമം സ്ഥാപിക്കുവാൻ വേണ്ടി രാപകൽ അദ്ധ്വാനിച്ചു.

അങ്ങനെ നിരന്തരമായ പരിശ്രമങ്ങളുടെ ഇരുപതിലധികം സംവത്സരങ്ങൾ ഇഴഞ്ഞും വലിഞ്ഞും കടന്നുപോയി.

ഒടുവിൽ 1855–ലെ അമലോത്ഭവമാതാവിന്റെ തിരുനാൾ ദിനം, ഞങ്ങളുടെ സഭാതരുവിനു ഔദ്യോഗിക അംഗീകാരമുണ്ടായി. ബർണ്ണർദീനോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ സഹായത്താൽ, ഞങ്ങളുടെ അമലോത്ഭവദാസ സംഘത്തിന്, കർമ്മലീത്താ സഭയ്ക്കുള്ള ഒരു നിയമാവലി ഉണ്ടായി. ഞാനും വേറെ പത്തു വൈദികരും ചേർന്ന്, മാന്നാനം ദേവാലയമദ്ധ്യേവച്ച്, അന്നു വ്രതവാഗ്ദാനം നടത്തുകയുണ്ടായി......!

അങ്ങനെയാണ്, വി. യൗസേപ്പുപിതാവിന്റെ നാമത്തിൽ മാന്നാനത്ത്, നിയമാനുസൃതമായ ഒരു കൊവേന്ത ആദ്യമായി ഉടലെടുത്തത്. ഒന്നാമത്തെ പ്രിയോരായി ഈ എളിയ ദാസൻ നിയുക്തനായത്.

അതോടെ, ആവിലായിലെ വി. അമ്മത്രേസ്യായുടെ പ്രവചനം അന്വർത്ഥമായി. കാരണം, കർമ്മലീത്താ നിഷ്പാദുക സഭയുടെ ഉദ്ധാരക എന്ന അപരനാമത്താൽ വിശ്വവിഖ്യാതയായ ആ വിശുദ്ധ, വർഷങ്ങൾ

ക്കു മുമ്പ് തൻെറ ധ്യാന പരവശതയിൽ പ്രവചിച്ചിട്ടുണ്ടാ യിരുന്നു, ഭാരതത്തിലും കർമ്മലീത്താ സഭ ആവിർഭവി ക്കുമെന്നു്.

## എൻെറ വത്സല സന്താനങ്ങൾ

എൻെറ വത്സല സന്താനങ്ങൾ ആരാണെന്നോ.....? ആ സഭാതരു ശാഖകൾ വീശി തഴച്ചു വളരുന്ന ഇന്നാട്ടി ലെ നിങ്ങൾ ഓരോരുത്തരുമാണു്.

ആവേശത്തോടും അവകാശത്തോടുംകൂടി ഞാനിതു ഉച്ചൈസ്തരം പ്രഘോഷിക്കും. അതിൻെറ കാരണം, ഇ തിൻെറ താളുകൾ മറിക്കുമ്പോൾ നിങ്ങൾക്കു വിശദമാ കും. ആത്മാക്കളുടെ രക്ഷയ്ക്കും, ദൈവമഹത്വത്തിനും വേ ണ്ടി, ആ കഥകളൊക്കെയും നിങ്ങളുടെ മുമ്പിൻ ഞാൻ നിരത്തിവെയ്ക്കാം.

## ഞാൻ ആരായിരുന്നു ?

ദൈവപിതാവിൻെറ വയലിലെ ഒരു പാവം പ ണിക്കാരനായിരുന്നു, ഈ ചാവറ കുര്യാക്കോസ് ഏലി യാസ്. ആ നല്ല അപ്പൻെറ കല്പന അനുസരിച്ച്, ഞാൻ നല്ല ഓട്ടം ഓടി; അരയും തലയും മുറുക്കി; ചില പ്പോൾ വയറും വലിഞ്ഞു മുറുക്കി. ദൈവ പിതാവു സം പ്രീതനായി. 1871 ജനുവരി 3-ാം തീയതി രാവിലെ ഏഴരമണിക്ക്, അവിടുന്നു് എന്നെ തിരികെ വിളിച്ചു; എൻെറ പിതൃഭവനത്തിലേയ്ക്കു്; എനിക്കു സമ്മാനം നല്കു വാൻ.

അന്നു്, എൻെറ കുമ്പസാരക്കാരനും, ആത്മനിയന്താ വുമായിരുന്ന കർമ്മലീത്താ മിഷനറി പെ. ബ. ലെയോ പ്പോൾഡ് അച്ചൻ (ഒ. സി. ഡി), തൻെറ ഡയറിയിൽ എന്നെപ്പററി ഒരു വാചകം കുറിച്ചുവെച്ചു : ''ഓ, പരി പാവനവും അതിമനോഹരവുമായ ആത്മാവേ, എനിക്കു വേണ്ടി അപേക്ഷിക്കണമെ'' എന്നു്... !

കാരണം, അദ്ദേഹത്തിനറിയാമായിരുന്നു, ഞാൻ ആരായിരുന്നുവെന്നു്; മാമ്മോദീസായിൽ എനിക്കു ലഭി

ച്ച വരപ്രസാദം മരണം വരെ ഞാൻ നഷ്ടപ്പെടുത്തിയിട്ടില്ല; എന്നു്.

അന്നു മുതൽ ഇന്നുവരെ, എൻെറ മദ്ധ്യസ്ഥമപേക്ഷിച്ചിട്ടുള്ള എൻെറ മക്കളെ ആരെയും, വെറും കയ്യോടെ ഞാൻ പറഞ്ഞു വിട്ടിട്ടില്ല; ഇനിയൊട്ടു വിടുകയുമില്ല.

എൻെറ ജീവിതകാലം മുഴുവൻ പരസ്നേഹപ്രവൃത്തികൾക്കുവേണ്ടി ഞാൻ ഉഴിഞ്ഞുവെച്ചിരുന്നു. ''എൻെറ ഏററവും എളിയ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നതു് ...'' (മത്താ. 25 40) എന്ന കർത്താവിൻെറ തിരുവചനം ഞാൻ അനുസ്മരിച്ചിരുന്നു.

അതിൻെറ പ്രതിസമ്മാനമോ...? ''നിങ്ങൾ അളക്കുന്ന അളവിൽത്തന്നെ നിങ്ങൾക്കും അളന്നുകിട്ടും; കൂടുതലും ലഭിക്കും' (മർക്കോ. 4:24) എന്നു അരുളിച്ചെയ്ത ദിവ്യനാഥൻ, എൻെറ നാമത്തിൽ ചോദിക്കുന്നവർക്കെല്ലാം, വാരിക്കോരി ചൊരിഞ്ഞുകൊടുത്തുകൊണ്ടിരിക്കുകയാണു്, അനുഗ്രഹങ്ങളുടെ വാടാത്ത പൂക്കൾ... !

ഇതിനകം പതിനായിരത്തിൽപ്പരം അത്ഭുതാനുഗ്രഹങ്ങൾ റിക്കാർഡിലാക്കിയിട്ടുണ്ടു്. റിക്കാർഡിലാക്കാത്തവ എത്രയധികമെന്നു് ഊഹിക്കാമല്ലോ.

താമസം വിനാ, നിങ്ങൾ അൾത്താരയിൽവെച്ചു വണങ്ങുവാൻ പോകുന്ന, എൻെറ വത്സലമകൾ അൽഫോൻസാമ്മയ്ക്കു തന്നെ, മൂന്നു പ്രാവശ്യം അത്ഭുതകരമായ ദൈവാനുഗ്രഹങ്ങൾ എന്നിലൂടെ ലഭിച്ചിട്ടുണ്ടു്. അവൾ തന്നെ തൻെറ സ്വന്തം കൈപ്പടയിൽ അവ എഴുതി മാന്നാനത്തു കൊടുത്തിട്ടുണ്ടു്. അതിൻെറ ഫോട്ടോസ്റ്റാറ്റു കോപ്പി, ഇപ്പോൾ മാന്നാനത്തു സൂക്ഷിച്ചിട്ടുമുണ്ടു്.

''ചോദിപ്പിൻ തരപ്പെടും: മുട്ടുവിൻ തുറക്കപ്പെടും; അന്വേഷിപ്പിൻ കണ്ടെത്തും'' എന്ന കർത്താവിൻെറ തിരുവചനങ്ങളെ അനുസ്മരിപ്പിച്ചുകൊണ്ടു്, എൻെറ വത്സലമക്കളായ നിങ്ങളോടു് ആ കഥ ഞാൻ തുറന്നു പറയാം. ☼

# II

## എൻെറ തലമുടിയുടെ കഥ

ബ. പെരുമാലിൽ ലൂയീസച്ചനെപ്പററി നിങ്ങരം കേട്ടു കാണും. അദ്ദേഹമാണ്, അൽഫോൻസാമ്മയെ വിശുദ്ധിയുടെ ആദ്യപാഠങ്ങരം പഠിപ്പിച്ചതു്; വിശുദ്ധിയുടെ പാതയിലൂടെ കൈപിടിച്ചു നടത്തിയതു്. അദ്ദേഹം അൽഫോൻസാമ്മയുടെ നോവീസ് മാസ്റററായിരുന്നു. സി. എം. ഐ. സഭയിലെ നലം തികഞ്ഞ ഒരു വൈദികൻ. അദ്ദേഹത്തിനറിയാമായിരുന്നു, എൻെറ തലമുടിയുടെ കഥ.

അൽഫോൻസാമ്മയുടെ പ്രപിതാമഹസഹോദരനും, എൻെറ സമകാലീനനുമായിരുന്നു, ബ. മുട്ടത്തു പാടത്തു വർക്കിയച്ചൻ. ഒരിക്കൽ, എൻെറ പട്ടം വടിച്ചുകൊണ്ടിരിക്കുന്ന സമയത്തു്, അദ്ദേഹം അടുത്തുകൂടി. ഞാനൊരു വിശുദ്ധനാണെന്നുള്ള വിചാരം, അദ്ദേഹത്തിൻെറ ഉള്ളിൽ, അന്നേ ശക്തിമത്തായിരുന്നു. അതുകൊണ്ടു് എൻെറ തലമുടിയിൽ അൽപ്പം സ്വന്തമായി സൂക്ഷിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു.

ഞാൻ ഒരിക്കലും അനുവദിക്കുകയില്ലാത്ത കാര്യം. പിന്നെ എങ്ങനെ എന്നോടു പറയും? അതുകൊണ്ടു് നല്ല കള്ളനെപ്പോലെ, അദ്ദേഹം പമ്മിപ്പതുങ്ങി എൻെറ ക്ഷുരകനെ സമീപിച്ചു. വെട്ടിക്കളഞ്ഞ എൻെറ കുറെ തലമുടി കയ്യോടെ കൈവശപ്പെടുത്തി. പിന്നീടതു സ്വർണ്ണനൂൽ കൊണ്ടു കെട്ടി, രജതനിർമ്മിതമായ ഒരു അരുളിക്കായിൽ വച്ചു; പാവനമായി സൂക്ഷിച്ചു.

അദ്ദേഹം മരിക്കുന്നതിനു മുമ്പ് തൻെറ അനന്തിരവരവനും, അൽഫോൻസാമ്മയുടെ പിതാമഹ സഹോദരനു

മായ ബ. മുട്ടത്തു പാടത്തു യൗസേപ്പച്ചനെ അടുത്തു വിളി ച്ചു. ആ അരുളിക്കാ സമ്മാനിച്ചു.

ഈ വിവരം ബ. പെരുമാലിൽ ളൂയീസച്ചനു അറി യാമായിരുന്നു. അതുകൊണ്ടു് അദ്ദേഹം ഒരിക്കൽ അൽ ഫോൻസാമ്മയുടെ ഗുരുത്തിയമ്മയായ ഉർശുലാമ്മയോടു പറഞ്ഞു :

—മദറേ, ബ. യൗസേപ്പച്ചനോടു ചോദിച്ചു്, ആ അരു ളിക്കാ ഒന്നു വാങ്ങിക്കാമോ...?

—വാങ്ങിക്കാമല്ലോ. എന്തിനാ...?

—അതു് അൽഫോൻസായുടെ കിടക്കയ്ക്കു സമീപംവെച്ചു പ്രാത്ഥിക്കട്ടെ. ചാവറയച്ചന്റെ മാദ്ധ്യസ്ഥത്താൽ അവളുടെ ഈ അസുഖം തീർത്തുമാറും. ചാവറയച്ച ന്റെ ഒരു പടവും ഞാൻ തരാം.

അന്നുതന്നെ ബ. ഉർശുലാമ്മ, ബ. മുട്ടത്തു പാടത്ത ച്ചനു് ഒരു കത്തയച്ചു. കത്തു കിട്ടിയ ഉടനെ, ബ. യൗസേ പ്പച്ചൻ അരുളിക്കായെടുത്തു. താമസംവിനാ ചങ്ങനാ ശ്ശേരി ക്ലാരമഠത്തിലെത്തി. ബ. ഉർശുലാമ്മയെ അതേൽ പ്പിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു :

— ഈ അരുളിക്കാ ചുംബിച്ചുകൊണ്ടു് അൽഫോൻസാ പ്രാർത്ഥിക്കട്ടെ. ആ പ്രാർത്ഥനമൂലം അവളുടെ രോഗം പൂർണ്ണമായും സുഖപ്പെടും.

അന്നുരാത്രി അൽഫോൻസാ ആ അരുളിക്കാ ചും ബിച്ചു, പടത്തിൽ നോക്കി പ്രാർത്ഥിച്ചു. അനന്തരം അവ തന്റെ തലയിണത്താഴെ വെച്ചുകൊണ്ടു് ഉറങ്ങാൻ ശ്രമിച്ചു.

ദിവസങ്ങളോളം ഉറക്കമില്ലാതെയിരുന്ന അൽ ഫോൻസാ, അന്നു് പേടികൂടാതെ, വേദന അറിയാതെ, ഉറങ്ങി; മയങ്ങിക്കിടക്കുന്ന ഒരു മാലാഖായെപ്പോലെ.

എന്നോടുള്ള കൃതജ്ഞത പ്രകാശിപ്പിക്കുവാൻ, ദൈവ ത്തിനു നന്ദിപറയുവാൻ, അവരും മാന്നാനത്തു വന്നിരുന്നു;

സിസ്റ്റർ എമറിക്കിൻെറ കൂടെ. എൻെറ കഴിമാടത്തിനു സമീപം അവരാം മുട്ടുകുത്തി; ദീർഘനേരം പ്രാർത്ഥിച്ചു; തൻെറ കൂട്ടുകാരി വിളിക്കുന്നതു വരെ... !

പതിമൂന്നു ദശാബ്ദം പഴക്കമുള്ള എൻെറ തലമുടി നിക്ഷേപിച്ചിട്ടുള്ള ആ അരുളിക്കാ, മാന്നാനം കൊവേന്തയിൽ ഇന്നും ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്.

ബാക്കിയുള്ള കഥകരം, അൽഫോൻസാമ്മയുടെ വാക്കുകളിൽ തന്നെ നിങ്ങരംക്കു ശ്രവിക്കാം.

## അൽഫോൻസായുടെ അനുഭവം

[അൽഫോൻസാമ്മ സ്വന്തം കൈപ്പടയിൽ ബ. ളൂയീസച്ചനു എഴുതിക്കൊടുത്തതിൻെറ തനിപ്പകർപ്പാണിതു്. മൂലത്തിൻെറ ഫോട്ടോസ്റ്റാററു കോപ്പി ഇന്നും മാന്നാനത്തു കാണാം. എളിമയുടെ ആധിക്യത്താൽ വളരെ ചുരുക്കിയാണു് അൽഫോൻസാമ്മ ഇതെഴുതിയതു്. ഇതിൻെറ അടിയിൽ 1936 ജൂലൈ 10.ാം തീയതി എന്നെഴുതി ബ. ഉർശ്ലുലാമ്മ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ടു്.]

എനിക്കു തീരെ സുഖമില്ലെന്നായിട്ടു്, ഇപ്പോരം ആറര കൊല്ലത്തോളമായി. അന്നുമുതൽ നാട്ടുചികിത്സയും, ഇംഗ്ലീഷു ചികിത്സയുമൊക്കെ മാറിമാറി ചെയ്യുന്നുണ്ടായിരുന്നു. ഒന്നിനൊന്നു വദ്ധിച്ചുവന്നതല്ലാതെ യാതൊരു കുറവും കിട്ടിയില്ല.

ഒടുവിൽ ഡോക്ടറുടെ അഭിപ്രായാനുസരണം ചികിത്സാത്ഥം എറണാകുളം ആസ്പത്രിയിൽ പോയി. ഏകദേശം ഒരു മാസത്തോളം താമസിച്ചു, വേണ്ട ചികിത്സകളെല്ലാം കഴിച്ചു മടങ്ങി വന്നു. തല്ക്കാലം ശമനം കിട്ടുമെന്നല്ലാതെ, ശാശ്വതമായ സുഖം കിട്ടുകയില്ലെന്നാണു് ഡോക്ടറന്മാർ അഭിപ്രായപ്പെട്ടതു്.

ഏതായാലും അക്കൊല്ലം മുഴുവനും ഇംഗ്ലീഷു ചികിത്സതന്നെ ചെയ്തു; യാതൊരു ഗുണവും കിട്ടാത്തതുകൊണ്ടു, വീണ്ടും നാട്ടു ചികിത്സതന്നെ തുടങ്ങി. പൂർണ്ണസുഖം കിട്ടു

കയില്ല; പിന്നെ കഴിയുന്നത്ര നോക്കാമെന്നാണ് അവ രും പറഞ്ഞത്.

ഇതിനിടയ്ക്കു നടത്തിയ നേർച്ചകാഴ്ചകളും അപേക്ഷ കളും ഒരു കയ്യും കണക്കുമില്ല. മരുന്നുകൾ മുടക്കം വരു ത്താതെ സേവിക്കുന്നുണ്ടായിരുന്നു. മററു കൊല്ലങ്ങളെ അപേക്ഷിച്ച്, കഴിഞ്ഞകൊല്ലം ഒരുമാതിരി സുഖം ക ണ്ടതുകൊണ്ട് എന്നെക്കൂടെ നോവീഷ്യത്തിനയച്ചു. വന്ന വഴിക്കുതന്നെ വീണ്ടും പഴയ സുഖക്കേട് ആരംഭിച്ചു. അ ങ്ങനെ ഇങ്ങനെ ഒരു മാസത്തോളം ഇഴഞ്ഞും വലിഞ്ഞും ക്രമങ്ങളിലൊക്കെ സംബന്ധിക്കുന്നതിനു സാധിച്ചു.

പിന്നീടു തീരെ സുഖമില്ലെന്നായി, കിടപ്പിലായി. ഭക്ഷണം യാതൊന്നും കഴിപ്പാൻ നിവൃത്തിയില്ല. ഒന്നു രണ്ടു കയിൽ കാപ്പിയോ കഞ്ഞിയോ കഴിച്ചാൽ, വയറു നെഞ്ചിനു മുകളുവരെ വീർത്തുവരും. ശ്വാസംപോലും വിടുവാൻ നിവൃത്തിയില്ലായിരുന്നു. പോരെങ്കിൽ അ തിശക്തിയായ വേദനയും വിശപ്പും പരവേശവും.

പരസഹായം കൂടാതെ എഴുന്നേൽക്കുവാൻപോലും നിവൃത്തിയില്ലാതെയും, ഉറക്കമില്ലാതെയും, ഏകദേശം വളരെയധികം നാൾ കഴിച്ചു കൂട്ടേണ്ടതായി വന്നു. ദിവ സത്തിൽ 8-ം 10-ം പ്രാവശ്യം ഛർദ്ദിക്കും. മിക്കവാറും അതു കട്ട രക്തമായിരിക്കും. തലവേദന ശക്തിയായിട്ടു ണ്ടാകുന്ന ദിവസം മൂക്കിൽ നിന്നു ധാരാളം രക്തം പോ കും. ചില ദിവസങ്ങളിൽ കണ്ണിൽനിന്നും പോയിട്ടു ണ്ട്. ഇങ്ങനെ രക്തം പോകുന്ന ദിവസങ്ങളിൽ, ശരീര ത്തിനു വലിയ വേദനയാണ്. കൂട്ടമായിട്ട് അപേക്ഷ യൊക്കെ കഴിച്ചു കഴിയുമ്പോൾ, രണ്ടുമൂന്നു ദിവസത്തേയ്ക്കു വേദനയ്ക്കു സ്വല്പം ആശ്വാസം കാണും. വീണ്ടും പഴ യതുപോലെ തന്നെ. ഇങ്ങനെ ഏകദേശം 8 മാസത്തോ ളം ഞാനും മററുള്ളവരും വല്ലാതെ വിഷമിച്ചു. എപ്പോഴും ആരും അടുത്തില്ലെങ്കിൽ വലിയ ഭയമായിരുന്നു.

ഇങ്ങനെ കഴിച്ചുകൂട്ടി വരവേ, ഒരു ദിവസം പെ. ബ. ലൂയീസച്ചൻ പ്രിയോരച്ചന്റെ ഒരപേക്ഷ കൊണ്ടുവ

ന്നു തന്നു. ആ നൊവേന എത്തിക്കുവാൻ ആരംഭിച്ച പ്പോഠം മുതൽ സ്വല്പം ആശ്വാസംപോലെ തോന്നി. അ പേക്ഷ മുടക്കം വരുത്താതെ തുടന്നു കൊണ്ടിരുന്നു. മെയ് മാസത്തിലാണെന്നു തോന്നുന്നു, ആ വന്ദ്യദേഹത്തിൻെറ ഒരു ഛായാപടവും പെ. ബ. അച്ചൻ കൊണ്ടുവന്നു തന്നു. ആ പടം കണ്ടപ്പോഠം മുതൽ, എനിക്കു എന്തെന്നില്ലാത്ത ഒരു വിശ്വാസവും ഭക്തിയും അദ്ദേഹത്തോടു തോന്നി. അ ന്നുമുതൽ അതിൽ ഒന്നു ഞാൻ എടുത്തു എൻെറ അരികെ വെച്ച്, എപ്പോഴും മുത്തി അദ്ദേഹത്തോടു നമസ്കരിച്ചുകൊ ണ്ട് കിടന്നുറങ്ങിയിരുന്നു.

പടംവെച്ച അപേക്ഷിക്കുവാൻ തുടങ്ങിയദിവസം മു തൽ, പേടിക്കു വളരെ കുറവുള്ളതുപോലെ തോന്നി. ഒരു ദിവസം വിശപ്പുകൊണ്ടും ദാഹംകൊണ്ടും വളരെ ക്ഷീ ണിച്ചും, എന്നാൽ വയറു വീപ്പുകൊണ്ട് ഒന്നും കഴിപ്പാൻ നിവൃത്തിയില്ലാതെയും ഉറക്കമില്ലാതെയും, വളരെ അവ ശതയിൽ കിടക്കുന്ന അവസരത്തിൽ, എൻെറ അരികെ വെച്ചിരിക്കുന്ന പടത്തിൻെറ ഛായ തോന്നിക്കുന്ന ഒരാഠം, എൻെറ അടുത്തുവന്നു നില്ക്കുന്നതുപോലെയും, എന്തോ സം സാരിക്കുന്നതുപോലെയും എനിക്കു തോന്നി. ഗുരുത്തി യമ്മയാണെന്നു വിചാരിച്ച്, എൻെറ ഗുരുത്തിയമ്മേ, നേരം വെളുക്കുമ്പോഴേയ്ക്കും, വയറു പൊട്ടിയോ, ശ്വാസം വിടാൻ നിവൃത്തിയില്ലാതെയോ ഞാൻ മരിക്കുമെന്നു തോന്നുന്നു എന്നു പറഞ്ഞു തപ്പിനോക്കിയപ്പോഠം ആളി നെ കാണുന്നില്ല.

'നിൻെറ വയറു ഇനി വീക്കുകയില്ല, ദൈവം നി ന്നെ അനുഗ്രഹിക്കും' എന്നു പറയുന്നതുപോലെ എനിക്കു തോന്നി. നേരം വെളുത്തപ്പോഴേയ്ക്കും സുഖക്കേടെല്ലാം കുറഞ്ഞു.

അന്നുമുതൽ ഇന്നുവരെയും എൻെറ വയറു വീർത്തി ട്ടില്ല. ഒരു കയിൽ പൊടിയരിക്കഞ്ഞിപോലും കുടിക്കു വാൻ നിവൃത്തിയില്ലായിരുന്ന ഞാൻ, ഇപ്പോഠം മുഴുത്ത ചോറുണ്ണാറുണ്ട്. വേറെ സ്വല്പം വല്ലതുമൊക്കെ കഴിക്കു ന്നുമുണ്ട്. ഇപ്പോഠം വയററിൽ വേദനയാകട്ടെ, വയറട

പ്പാകട്ടെ, വീർപ്പാകട്ടെ ഒന്നുമില്ല. ഉറക്കവും ശരിയായിട്ടുണ്ട്. പ്രിയോരച്ചന്റെ സഹായംമൂലം ലഭിച്ചതാണെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. വയററിൽ സുഖക്കേടിന്റെ കാര്യത്തിൽ എല്ലാവർക്കും വളരെ അത്ഭുതം തോന്നുന്നു.

... ... ... ... ... ... ... ... ... ... ... ...

... ... ... ... ... ... ... ... ... ...Sr. Alphonsa.

## രോഗശാന്തിയുടെ മറെറാരു കഥ

1946 ജൂലൈ 28-ാം തീയതി അൽഫോൻസാമ്മ നിത്യഭവനത്തിൽ എത്തിച്ചേർന്നു. അവർ ചുരുക്കി എഴുതിയിട്ടുള്ളതും, മദർ ഉർശുലാമ്മ സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതുമായ മറെറാരു സംഭവമുണ്ട്.

അൽഫോൻസാമ്മ* നൊവിഷ്യേററ് നടത്തുന്ന കാലം. അവർ വീണ്ടും രോഗിണിയായി; അവശനിലയിലായി. പരസഹായം കൂടാതെ ഒന്നും ചെയ്യുവാൻ അവർക്കു കഴിയാതെയായി.

'ഈ നിലയിൽ അവർ നൊവിഷ്യേററു എങ്ങനെ പൂർത്തിയാക്കും...? മററു നവസന്ന്യാസിനികളുടെ ക്രമാനുഷ്ഠാനങ്ങൾക്ക് അവർ വിഘ്നമാവുമാവും...!' നൊവീസ് മിസ്ട്രസ്സായ ബ. ഉർശുലാമ്മയ്ക്കു വലിയ വിചാരമായി. ഒടുവിൽ അന്നത്തെ ചങ്ങനാശ്ശേരി മെത്രാനച്ചനായിരുന്ന ജയിംസ് കാളാശ്ശേരി തിരുമേനിയോടു അനുവാദം ചോദിച്ചു, അൽഫോൻസായെ ഭരണങ്ങാനത്തേക്കു തിരിച്ചയയ്ക്കുവാൻ.

തിരുമേനി ഉർശുലാമ്മയോടു പറഞ്ഞു :

—'ഞാൻ വന്ന് അവളെ ഒന്നു കാണട്ടെ. അതിനുശേഷം എന്തെങ്കിലും തീരുമാനമെടുത്താൽ മതി'-

അടുത്ത ദിവസം തന്നെ തിരുമേനി അൽഫോൻസായെ കണ്ടു; സംസാരിച്ചു. അദ്ദേഹത്തിനു മനസ്സിലായി,

---

നൊവിഷ്യേററ് – സന്ന്യാസപരിശീലന സ്ഥാപനം

ദൈവം തിരുമനസ്സാകുന്നെങ്കിൽ നൊവിഷ്യേററു പൂർത്തിയാക്കുവാനാണ്, അവളുടെ അദമ്യമായ ആഗ്രഹമെന്ന്. ഒടുവിൽ ബ.ഉർശുലാമ്മയെ വിളിച്ച് അദ്ദേഹം പറഞ്ഞു:

—'അൽഫോൻസായെ ഭവനത്തിലേക്കു വിടേണ്ട. മരിക്കുന്നെങ്കിൽ, ഇവിടെത്തന്നെ കിടന്ന് അവരം മരിച്ചു കൊള്ളട്ടെ'.

അവരം രോഗവിമുക്തയായി! നൊവിഷ്യേററു പൂർത്തിയാക്കി! എങ്ങിനെയാണെന്നറിയാമോ...? അൽഫോൻസാമ്മതന്നെ ആ കഥ പറയും.

''ഒരു ദിവസം ഞങ്ങളുടെ ഗുരുനാഥൻ ബ. ളൂയീസച്ചൻ പറഞ്ഞു: —ദൈവദാസനായ ചാവറ കര്യാക്കോസ് ഏലിയാസച്ചന്റെ മാദ്ധ്യസ്ഥം അപേക്ഷിക്കു. അൽഫോൻസാക്കു രോഗശാന്തി ലഭിക്കും' എന്ന്.

അതനുസരിച്ച് ഞാൻ തനിച്ചും, മററുള്ളവർ സമൂഹമായും ഒരു നവനാൾ പ്രാർത്ഥന നടത്തി. പക്ഷേ നൊവേനയുടെ ഒൻപതാം ദിവസവും, രോഗം മൂർഛരിക്കുകയല്ലാതെ, കുറഞ്ഞില്ല... !

ബ. ഉർശുലാമ്മ കരുതി, ഞാൻ മരിച്ചുപോകുമെന്ന്. അതുകൊണ്ട് രാത്രിയിൽ കൂടെക്കൂടെ വന്ന് അമ്മ എന്നെ നോക്കുമായിരുന്നു. എന്നെ ശുശ്രൂഷിക്കാനായി എന്റെ സഹനൊവീസായ സിസ്റ്റർ ളൂവീസാ (ഓലിക്കര, കുറുമ്പനാടം) എന്റെ സമീപത്തുതന്നെ കിടന്നിരുന്നു.

അന്ന് പാതിരാ കഴിഞ്ഞ നേരം. കണിശമായി നിശ്ശബ്ദത പാലിക്കേണ്ട സമയം. എന്റെ മുറിയിൽ നിന്ന് ഒരസാധാരണ സംഭാഷണം !

അതുകേട്ട് ഗുരുത്തിയമ്മ ഓടിവന്നു. എന്താ ആംഗ്യങ്ങരം കാണിച്ചുകൊണ്ടിരുന്ന എന്നോടു ചോദിച്ചു :

— എന്താ മിണ്ടടക്ക സമയത്തു സംസാരിക്കുന്നതു്... ?

— ഇതാ വലിയ പ്രീയോരച്ചൻ വന്നിരിക്കുന്നു...! ഗുരുത്തിയമ്മ കാണുന്നില്ലേ...? ഞാൻ ആശീർവ്വാദം അപേക്ഷിക്കട്ടെ...!

പരസഹായം കൂടാതെ ഞാൻ പെട്ടെന്ന എഴുന്നേററു; മുട്ടിന്മേൽ നിന്നു. ചാവറയച്ചൻ എന്നെ ആശീർവ്വദിച്ചു. പിന്നീട്ട അപ്രത്യക്ഷനായി- അപ്പോഴും മിഴിച്ചുനിന്നിരുന്ന ബ. ഉർശ്ശുലാമ്മയോട്ട ഞാൻ പറഞ്ഞു :

— എൻെറ രോഗം സുഖമായി. വലിയ പ്രിയോരച്ചൻ ഇവിടെ വന്നു; എന്നെ സ്പർശിച്ചു; ആശീർവദിച്ചു. എന്നിട്ട പറഞ്ഞു :

''ഈ ദീനം സുഖമായിരിക്കുന്നു. ഇനിമേൽ ഈ രോഗം നിനക്കു ഉണ്ടാവുകയില്ല. എങ്കിലും മററു പല വിധ രോഗങ്ങളാൽ ഇനിയും നീ പീഡിപ്പിക്കപ്പെട്ടും'' എന്നു്.

ബ. ഉർശ്ശുലാമ്മ വീണ്ടും അമ്പരന്നു നിന്നു. അതു കണ്ടു ഞാൻ വീണ്ടും പറഞ്ഞു :

— ഓ! ഒരു പക്ഷേ, എൻെറ തോന്നലോ, സ്വപ്നമോ ആയിരിക്കാം.

ഞങ്ങരം സംസാരിക്കുന്നതു കേട്ട്, രോഗശ്ശുശ്രൂഷികയായിരുന്ന സി. ളുവീസായും ഉറക്കം തെളിഞ്ഞു എഴുന്നേററു.

മദറും നമ്മുടെ തോമ്മാശ്ശീഹായുടെ മകളല്ലേ ...? വിശ്വാസം വരാൻ. അമ്മയും ളുവീസായും എന്നെ പരിശോധിച്ചു നോക്കി. അതുവരെ പഴുത്തുപൊട്ടിക്കൊണ്ടിരുന്ന തുടയിലെ വ്രണം, പരിപൂർണ്ണമായി സുഖപ്പെട്ടിരുന്നു...! വ്രണത്തിൻെറ പാട്ടമാത്രം അവശേഷിച്ചിരുന്നു...! തിരിയുകയോ മറിയുകയോ ചെയ്യുമ്പോരം രക്തം പ്രവഹിച്ചിരുന്നതു്, അപ്പോരം ഞാൻ എഴുന്നേററു നടന്നിട്ടും ഉണ്ടായതുമില്ല... !

ഉടനെ അമ്മയോട്ട ഞാനപേക്ഷിച്ചു; ഈ ദർശനത്തെപ്പററി ആരോടും പറയരുതെന്നു്. ചാവറയച്ചൻെറ മാദ്ധ്യസ്ഥം വഴി, രോഗശാന്തി ലഭിച്ചെന്നു മാത്രമെ പറയാവൂ എന്നു്.

അനന്തരം, ബ. ഉർശ്ശുലാമ്മയും സി. ളൂവീസായും ഞാനുമൊന്നിച്ച് കപ്പേളയിൽ പോയി, ഉപകാരസ്മരണ ചെയ്തു.

പിന്നീടു ഞാൻ സുഖമായി ഉറങ്ങി. പ്രഭാതമായി. പരസഹായം കൂടാതെ തിരിഞ്ഞു കിടക്കുവാൻ പോലും പാടില്ലാതിരുന്ന ഞാൻ എഴുന്നേററു. തന്നത്താൻ തയ്യാറായി കപ്പേളയിൽപ്പോയി. സമൂഹത്തോടൊപ്പം ദിവ്യബലിയിലും മററും സംബന്ധിച്ചു. ദിവ്യകാരുണ്യം സ്വീകരിച്ചു. പ്രഭാത ഭക്ഷണം കഴിച്ചു. ഇതെല്ലാം കണ്ട കൂട്ടുസഹോദരികൾ വിസ്മയഭരിതരായി. ആ സമയം മുതൽ മററു സമൂഹാനുഷ്ഠാനങ്ങളിൽ ഞാൻ പങ്കെടുത്തു തുടങ്ങി. പിന്നീടു ഒരിക്കലും ഈ രോഗം എന്നെ അലട്ടിയിട്ടില്ല...!

പ്രീയോരച്ചനെന്നും വലിയ പ്രിയോരച്ചനെന്നും ഞാനും നിങ്ങളിൽ പലരും വിളിക്കുന്ന, ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ നൽകിയ ഈ അത്ഭുതകരമായ രോഗശാന്തിയാണ്, എന്നെ എൻെറ ദിവ്യമണവാളനിലേയ്ക്കു ഇത്രയധികം അടുപ്പിച്ചത്''' എന്ന് നന്ദിപൂർവം ഞാൻ പ്രസ്താവിച്ചുകൊള്ളട്ടെ...''

## വി. കൊച്ചുത്രേസ്യായും ഞാനും

1936 ആഗസ്റ്റു 14-ാം തീയതി അൽഫോൻസാമ്മ നൊവിഷ്യേററു പൂർത്തിയാക്കി. ചങ്ങനാശ്ശേരിയിൽ നിന്നും ഭരണങ്ങാനത്തു തിരിച്ചെത്തി. പക്ഷേ, നൊവിഷ്യേററുകാലത്തു ഞാൻ നൽകിയിരുന്ന മുന്നറിയിപ്പ്, ഡിസംബറിൽ അന്വത്ഥമായി. കഠിനമായ ഒരു പനി പിടിപെട്ട് അൽഫോൻസാ വീണ്ടും കിടപ്പിലായി. ബാക്കി സംഭവം, അൽഫോൻസാമ്മ തന്നെ പറയട്ടെ.

''പത്തൻപതു ദിവസം ചികിത്സിച്ചു. എന്നിട്ടും പനി 105 ഡിഗ്രിയിൽത്തന്നെ തുടന്നു. എൻെറ ആലസ്യം വദ്ധിച്ചു. ചുമച്ചുചുമച്ചു ഞാൻ രക്തം തുപ്പുവാനും തുടങ്ങി.

'രോഗം ക്ഷയമാണ്. രോഗിയുടെ മുറിയിൽ ആരും പോകരുത്. രോഗിയെ സമൂഹത്തിൽ നിന്നും മാററി താമസിപ്പിക്കണം' അഭിപ്രായം പൊങ്ങിവന്നു. തന്നെ

സ്വല്പ മഠത്തിൽ നിന്നു എന്നെ വിടുന്നതിനും, വീട്ടുകാർ എന്നെ വീട്ടിലേയ്ക്കു കൊണ്ടുപോകുന്നതിനും ആലോചന യുണ്ടായി.

അപ്പോഴും ഞാൻ സങ്കടപ്പെട്ടു. എന്നെ വീട്ടിലേയ്ക്കു അയയ്ക്കരുതെന്നും, പ്രിയോരച്ചൻ എന്നെ സുഖമാക്കുമെന്നും, അദ്ദേഹത്തിൻെറ ഒരു നൊവേന കഴിച്ചിട്ടു വിടാമെന്നും പറഞ്ഞു മദറിനെ സമ്മതിപ്പിച്ചു. പിറേറ ദിവസം രാവിലെ മദറിനോടു ഞാൻ പറഞ്ഞു :

— ഇന്നേയ്ക്കു ഒൻപതാം ദിവസം എൻെറ പനി വിടാത്ത പക്ഷം, എന്നെ മാററി താമസിപ്പിച്ചുകൊള്ളുവാൻ അമ്മ പറയണം. കൂടാതെ വി. കൊച്ചുത്രേസ്യായുടെ, ഒരു നൊവേന, മഠത്തിലെ അംഗങ്ങളും കൂട്ടമായി നടത്തുവാനും അമ്മ നിർദ്ദേശിക്കണം.

അപ്രകാരം തന്നെ പൊതു നൊവേന നടത്തി. എൻെറ അടുത്ത മുറിയിൽ താമസിച്ചിരുന്നതു് സിസ്റ്റർ സെലിനായിരുന്നു. അവരോടൊന്നിച്ചു് ചാവറയച്ചൻെറ നവനാൾ പ്രാർത്ഥനയും, വി. കൊച്ചുത്രേസ്യായോടുള്ളതു ഞാൻ തനിച്ചും നടത്തി.

എട്ടാം ദിവസം വൈകിട്ടു്, പനി 106 ഡിഗ്രി ! എല്ലാവരും ഭയപ്പെട്ടു. എന്നാൽ ഒൻപതാം ദിവസം വെളുപ്പിനു് 3½ മണിക്കു എൻെറ പനി നോക്കിയ സിസ്റ്റർ സെലിൻ അത്ഭുതപരതന്ത്രയായി. ആനന്ദോന്മത്തയായി. വെറും 95½ ഡിഗ്രി...!

വേഗം മഠത്തിലുള്ളവരെ എല്ലാം വിളിച്ചു് സിസ്റ്റർ സെലിൻ അറിയിച്ചു : ''സിസ്റ്റർ അൽഫോൻസായുടെ പനി നിശ്ശേഷം വിട്ടുമാറിയിരിക്കുന്നു'' എന്നു്. എല്ലാവരും ചേർന്നു്, നല്ല ദൈവത്തിനു നന്ദി പറഞ്ഞു. സ്തോത്രഗീതമാലപിച്ചു. ഒരു പാട്ടു കുർബാനയും ചൊല്ലിച്ചു.

ബ. ഉർശുലാമ്മയ്ക്കു മതിയായില്ല. സംഗതിയുടെ വള്ളിയും പുള്ളിയും അമ്മയ്ക്കറിയണം. എൻെറ അടുത്തുവന്നു ചോദിച്ചു :

— രാത്രിയിൽ എന്തു സംഭവിച്ചു... ?

— എന്റെ അമ്മേ, പറയത്തക്കതായി ഒന്നും സംഭവിച്ചില്ല.

— ആകട്ടെ വി. കൊച്ചുത്രേസ്യാ കാണപ്പെട്ടോ?

— അതിനുള്ള യോഗ്യത എനിക്കില്ല......

— ഉണ്ടായതു എന്താണെന്നു പറയൂ. മടിക്കേണ്ട.

അമ്മ പിന്നേയും നിർബന്ധിച്ചു. അപ്പോൾ ഞാൻ പറഞ്ഞു:

— എനിക്കു തോന്നി. ഒരു കർമ്മലീത്താ കന്യാസ്ത്രീ എന്റെ അടുത്തുവന്നു നില്ക്കുന്നതായി! എന്നെ സ്പർശിച്ചു.

— എന്നിട്ട്...?

— എന്നോടു പറഞ്ഞു: 'നിന്റെ പനി വിട്ടുമാറിയിരിക്കുന്നു. പകർച്ച വ്യാധികളൊന്നും നിന്നെ ബാധിക്കുകയില്ല. എങ്കിലും മരണം വരെ പലവിധ രോഗങ്ങൾ നിന്നെ പീഡിപ്പിച്ചുകൊണ്ടിരിക്കും' എന്ന്.

— എന്നിട്ട്...?

— പിന്നീട് ചാവറയച്ചൻ വന്നു. എന്നെ നോക്കി പുഞ്ചിരിച്ചു. പിന്നീട് എന്റെ കൈക്കു പിടിച്ചു; എഴുന്നേൽപ്പിച്ചു; അടുത്തു കിടന്ന വേലക്കാരിയുടെ ചുററും മൂന്നു പ്രാവശ്യം നടത്തിച്ചു...!

— എന്നിട്ട്...!

— രണ്ടുപേരും മറഞ്ഞുപോയി. പക്ഷേ അമ്മേ, ഇതൊരു ദർശനമൊന്നും ആയിരിക്കുകയില്ല. ഏതായാലും അമ്മ ഈ വിവരങ്ങളൊന്നും മററാരോടും പറയരുതു്. അതാണെന്റെ ആഗ്രഹം.

അതിൽ പിന്നെ പനിച്ചിട്ടില്ല. ക്രമേണ പൊതു കർമ്മങ്ങളിൽ ഞാൻ സംബന്ധിച്ചു തുടങ്ങുകയും ചെയ്തു.

ഈ സംഭവത്തിന്റെ ചുരുക്കം. 28–3–'37–ൽ ഞാൻ ഭരണങ്ങാനത്തു നിന്നെഴുതി മാന്നാനത്തേയ്ക്കു് അയച്ചിരുന്നു. അതിന്റെ അടിയിൽ "ഇതു എന്റെ കര്യാക്കോസച്ചൻ ചെയ്ത മനോഗുണം തന്നെയാണു്" (Sr. Alphonsa) എന്നും എഴുതിയിരുന്നു."

## നൂററിപ്പതിന്നാലു വർഷങ്ങൾക്കു ശേഷം

കാലയവനികക്കുള്ളിൽ, ഈ ചാവറയച്ചൻ എന്നേ മറഞ്ഞു കഴിഞ്ഞു? ഇപ്പോൾ പതിനൊന്നര ദശവത്സരങ്ങളിലധികമായി. എങ്കിലും ഇന്നും അൽഫോൻസാമ്മ നൽകിയതുപോലെ, എണ്ണമററ അനുഗ്രഹസുമങ്ങൾ എൻെറ നാമത്തിൽ ദിവ്യനാഥൻ ചൊരിഞ്ഞുകൊണ്ടിരിക്കുകയാണ്; എൻെറ വത്സല സന്താനങ്ങളിൽ. ഇന്നും കൃതജ്ഞതാസ്മാരകമായി, എൻെറ ചിത്രം പത്രമാസികകളിൽ സ്ഥലം പിടിക്കാറുണ്ട്. മാന്നാനത്തെ എൻെറ കടീരത്തിൽ അസംഖ്യം ആളുകൾ ഓടിക്കൂടാറുമുണ്ട്. കേരളത്തിലെ വിശുദ്ധാരാമത്തിൽ വിരിഞ്ഞ പ്രഥമ സൂനമാണ് ഞാനെന്ന്, പ്രഘോഷിക്കുന്നവരുമുണ്ട്.

എങ്കിലും എന്നെ സന്തോഷിപ്പിക്കുന്നത്, വത്സല മകനേ, മകളേ, നിൻെറ പ്രാർത്ഥനയുടേയും, പ്രായശ്ചിത്തത്തിൻേറയും, പരസ്നേഹപ്രവൃത്തികളുടേയും ജീവിതമാണ് എന്ന സത്യം മറന്നുപോകരുത്.

വി. ഫ്രാൻസീസ് അസ്സീസി പ്രഖ്യാപിച്ചതുപോലെ, ''ദൈവമാണ എൻെറ പിതാവ്, സ്വർഗ്ഗമാണ് എൻെറ പിതൃഭവനം'' എന്ന നിത്യസത്യം നീ മറന്നുപോകരുത്.

ലോകം മുഴവനും പിടിച്ചടക്കിയതിനുശേഷം, ശൂന്യമായ തൻെറ കരങ്ങൾ മാത്രം തൻെറ ശവമഞ്ചത്തിനു പുറത്തു പ്രദർശിപ്പിക്കേണ്ടി വന്ന അലക്സാണ്ടർ ചക്രവർത്തിയെപ്പോലെ, നീയും ഒരു ദിവസം എല്ലാം വെടിഞ്ഞ് വെറും കയ്യോടെ ഈ ലോകത്തോടു വിട പറയേണ്ടിവരും.

അതിനു മുമ്പ് നിങ്ങൾ അറിഞ്ഞിരിക്കുന്നതു് നല്ലതാണ്—അനുസ്മരിക്കുന്നതു് നല്ലതാണ്, എൻെറ ജീവിതരഹസ്യം എന്തായിരുന്നുവെന്ന്; നിങ്ങളെപ്പോലെ ഒരുത്തനായ എന്നെ ധന്യനെന്നു വിളിച്ചതിൻേറയും, താമസിയാതെ വിശുദ്ധനെന്നു പ്രഖ്യാപിച്ച് അൾത്താരയിൽ വണങ്ങുവാൻ ഉദ്ദേശിക്കുന്നതിൻേറയും കാരണമെന്തെന്ന്.

സ്വർഗ്ഗഭാഗ്യം ലഭിക്കാനുതകുന്ന പരസ്യങ്ങൾ നിറഞ്ഞതാണ് ആ കൊച്ചു കഥ. അതു പറയുന്നതിനു മുമ്പ്, എന്നെ കർമ്മോന്മുഖനാക്കിയ കർത്താവിൻെറ തിരുവചനം, നിങ്ങളുടെ പരിചിന്തനത്തിനുവേണ്ടി, ഞാൻ തുറന്നു വെയ്ക്കട്ടെ :

''ഭൂമിയിൽ നിക്ഷേപം കരുതി വയ്ക്കരുത്. തുരുമ്പും കീടങ്ങളും അവ നശിപ്പിക്കും; കള്ളന്മാർ തുരന്നു മോഷ്ടിക്കും. എന്നാൽ സ്വർഗ്ഗത്തിൽ നിങ്ങൾക്കായി നിക്ഷേപങ്ങൾ കരുതി വയ്ക്കുക. അവിടെ തുരുമ്പും കീടങ്ങളും അവ നശിപ്പിക്കുകയില്ല; കള്ളന്മാർ മോഷ്ടിക്കുകയില്ല. നിങ്ങളുടെ നിക്ഷേപം എവിടെയോ, അവിടെയായിരിക്കും നിങ്ങളുടെ ഹൃദയവും''. (മത്താ.6:19–21).

## III

## ഭാഗ്യക്കുറി

ഒരിക്കൽ ഞാനൊരു ഭാഗ്യക്കുറി എടുത്തു. വാത്സല്യം നിറഞ്ഞ എൻെറ അമ്മയാണ് അതു എന്നെക്കൊണ്ടു എടുപ്പിച്ചത്...! ഇന്നത്തെപ്പോലെ അന്നൊക്കെ ഭാഗ്യക്കുറി ഉണ്ടായിരുന്നോ? നിങ്ങൾ ചോദിച്ചേക്കാം.

സംശയിക്കേണ്ട; നല്ല നാളേയ്ക്കുവേണ്ടിയുള്ള ഒരു ഭാഗ്യക്കുറിയായിരുന്നു അത്. പക്ഷേ നശ്വരമായ ലക്ഷങ്ങൾ കിട്ടുന്ന തരത്തിലുള്ളതല്ലായിരുന്നു. ചേർന്നവർക്കെല്ലാം കുറിവീഴും; ചില ചിട്ടികളിലെ നറുക്കെടുപ്പുമാതിരി. 'ഇന്നു എനിക്ക്, നാളെ നിനക്ക്'' എന്ന മട്ടിൽ.

''നാളെയാണ്...! നാളെയാണ്...!'' എന്നു രഹസ്യമായി പരസ്യം ചെയ്യുന്ന ആ ഭാഗ്യക്കുറിയുടെ പേര്...? അതാണ് ഭാഗ്യമരണം...! കിട്ടിയാൽ ലക്ഷമല്ല കയ്യിൽ വരിക; സ്വർഗ്ഗമാണ്...! നിത്യസൗഭാഗ്യം...! ഏതു വിഡ്ഢിയാണു പിന്നെ അതു വേണ്ടെന്നു വെയ്ക്കുക...?

മുടക്കമുതലോ...? വളരെ തുച്ഛം. വെറും തിരുക്കുടുംബ ഭക്തി. ചുണ്ടും നാക്കും തിരിഞ്ഞ കാലംമുതൽ എന്നെക്കൊണ്ട്, എന്റെ അമ്മ ആ മുടക്കമുതൽ ഇറക്കിച്ചു: ഈശോ, മറിയം, യൗസേപ്പേ... എന്നു്, എന്റെ ആത്മാവിനു കൂട്ടായിരിക്കണേ......എന്നു്.

എന്റെ 'ആത്മാനുതാപ'ത്തിൽ ഞാൻ എഴുതിയിട്ടുള്ളതുപോലെ :

''അക്കാലം നാവിളകുവാൻ നേരത്തു
പൊക്കിക്കാട്ടിപ്പറയിക്കും ദൈവത്തിൻ
ശുദ്ധനാമമാമീശോ മറിയവും
ശുദ്ധനായ മാർ യൗസേപ്പിൻ നാമവും.''

മൂന്നു പദമുള്ള ആ വരിസംഖ്യ മുടക്കം കൂടാതെ ഞാനിറക്കി വന്നു 1871 ജനുവരി 3-ാം തീയതി ചൊവ്വാഴ്ച എനിക്കു ഭാഗ്യക്കുറി കിട്ടി. അതെ ഭാഗ്യമരണം...!

തിരുക്കുടുംബത്തിന്റെ പടത്തിൽ നോക്കിക്കൊണ്ടു്, ഈശോ, മറിയം, യൗസേപ്പ് എന്ന മധുരനാമങ്ങൾ മനസ്സിൽ ഉച്ചരിച്ചുകൊണ്ടു്, ഈ എളിയ ദാസന്റെ ആത്മാവിനെ ദൈവപിതാവിനു ഞാൻ സമർപ്പിച്ചു; വർദ്ധമാനമായ സമാധാനത്തോടെ! അവാച്യമായ ആനന്ദത്തോടെ...! ഉടനടി സ്വർഗ്ഗവാതിൽ തുറക്കപ്പെട്ടു. ഈശോയും, മറിയവും യൗസേപ്പും എന്നെ അകത്തേക്കു കടത്തിവിട്ടു...! അവർണ്ണനീയമായ ആനന്ദം പകരുന്ന മാലാഖമാരുടെ അകമ്പടിയോടെ...! ഇതിൽപ്പരം ഭാഗ്യം മറ്റെന്താണുള്ളതു്...? ഇന്നും മാന്നാനത്തെ എന്റെ മുറിയിൽ കാണാം, എനിക്കു ഭാഗ്യക്കുറി നൽകിയ തിരുക്കുടുംബത്തിന്റെ ആ മനോഹര ചിത്രം...!

## സുപ്രധാനമായ സംഭവം

ജി. കെ. ചെസ്റ്റർട്ടൺ എഴുതിയിട്ടില്ലേ, ഒരു ക്രിസ്ത്യാനി ജീവിതത്തെ വെള്ളംപോലെയും, മരണത്തെ വീഞ്ഞുപോലെയും പാനം ചെയ്യണമെന്നു്? കാരണമെന്താണെന്നോ...? മരണമാണു് ഒരുവന്റെ ജീവിതത്തി

ലെ അതിപ്രധാനമായ സംഭവം; പക്ഷേ അപ്രതീക്ഷിത മായ സമയത്തേ ആ സംഭവം നടക്കൂ...!

നിത്യശിക്ഷയോ, നിത്യമോക്ഷമോ ലഭിക്കാവുന്ന അനർഘ നിമിഷം...! ആ നിമിഷം മുൻകൂട്ടി അറിയു വാൻ കഴിയുന്നവൻ എത്രയോ ഭാഗ്യവാൻ...!

പുതിയ വീടുപണിതു്, പുത്രകളത്രാദികളോടുകൂടെ, കാലങ്ങളായി താമസിച്ചുവരുന്ന വീട്ടു കാരണവരോട്, വയസ്സുകാലത്തു് നീ മകളെ കെട്ടിച്ചുവിട്ട ഒരു വീട്ടിൽ ചെന്നു താമസിക്കുക എന്നു പറഞ്ഞാൽ, അയാൾക്കു എത്ര മാത്രം മനഃപ്രയാസമുണ്ടാകും? അതിനേക്കാൾ വലിയ മനോവേദന എനിക്കുണ്ടായി, 1864_ൽ; ഞാൻ പടുത്തു യർത്തി പരിപോഷിപ്പിച്ചു വന്ന മാന്നാനത്തു നിന്നും, കൂന മ്മാവിലേയ്ക്കു പോകുവാൻ മെത്രാനച്ചൻെറ കല്പന എനിക്കു ലഭിച്ചപ്പോൾ. എങ്കിലും അതു കർത്താവിൻെറ കല്പന യാണെന്നു കരുതി, ഞാനുടനെ അനുസരിച്ചു. എൻെറ സ്വാതന്ത്ര്യതാല്പര്യത്തെ ഞാൻ ബലികഴിച്ചു. അതോടെ, എൻെറ നിമിഷനേരത്തെ സന്താപം, മഹാ സന്തോഷ മായി മാറി...!

അങ്ങനെ എൻെറ അന്തിമ കാലഘട്ടത്തിൽ, ഞാൻ കൂനമ്മാവിൽ താമസിക്കുകയായിരുന്നു. 1870 ഒക്ടോബർ മാസമായി. വാർദ്ധക്യത്തിൻെറ കേവലം വാതിൽപ്പടി യിലെത്തിയ ഞാൻ തികച്ചും രോഗാതുരനായി: മരണ ശയ്യയിലായി...!

1871 ജനുവരി 2-ാം തീയതി തിങ്കളാഴ്ച, പതിവു പോലെ, ഈശോ മറിയം യൗസേപ്പേ എന്ന സുകൃത ജപം ഞാൻ ഉരുവിട്ടു. പെട്ടെന്നു എനിക്കു തോന്നി, 'എൻെറ ആത്മാവിനു കൂട്ടായിരിക്കുവാൻ' താമസംവിനാ തിരു ക്കുടുംബം വരുമെന്നു്...! വാഗ്ദത്തഭൂമിയിലേക്കു് തിര ഞ്ഞെടുക്കപ്പെട്ട ജനത്തെ മൂശ നയിച്ചതുപോലെ, സ്വർഗ്ഗ ഭവനത്തിലേക്കു് ഈ എളിയ ദാസനെ നയിച്ചിരുന്ന തിരുക്കുടുംബം, അകമ്പടിയേകുമെന്നു്. എൻെറ അന്ത്യ നിമിഷത്തിനു വേണ്ടി ഞാൻ ഉടനടി ഒരുങ്ങണമെന്നു്...!

എൻെറ കുമ്പസാരക്കാരനെവിടെ...? എൻെറ ആത്മ നിയന്താവു് എവിടെ...?

ബ. ലെയോപ്പോൾഡ് മൂപ്പച്ചൻ എവിടെ...? ഭാഗ്യവശാൽ അദ്ദേഹം സ്ഥലത്തുണ്ടായിരുന്നു. എൻെറ ആവശ്യം അറിഞ്ഞ അദ്ദേഹം ഓടിയെത്തി. വേഗം ഞാൻ ഒരുക്കത്തി. മുഴുവൻ കുമ്പസാരം നടത്തി. പ്രത്യേകമായ ഒരുക്കത്തോടെ വിശുദ്ധകുർബാന സ്വീകരിച്ചു. എൻെറ ഉള്ളിൽ എഴുന്നുള്ളിവന്ന ദിവ്യകാരുണ്യ നാഥനുമായി സ്നേഹസല്ലാപം ചെയ്തു; ദീർഘനേരം...! എൻെറ വിധികർത്താവ്, എൻെറ ആത്മമിത്രമായി...! എൻെറ ഹൃദയം അവിടത്തെ ഇരിപ്പിടമായി...! ഇടത്തും, വലത്തും, മാതാവും യൗസേപ്പിതാവും. അതെ, എൻെറ കൺമുമ്പിലും മനസ്സിൻെറ ഉള്ളിലും തിരുക്കുടുംബം നിറഞ്ഞുനിന്നു...! മധുവിനുള്ളിലെ മധുരംമാതിരി.

സമയം പറന്നുപോയതു ഞാൻ അറിഞ്ഞില്ല. ഉച്ച കഴിഞ്ഞു. പൊടുന്നനെ, പതിവില്ലാത്ത ഒരു ഓക്കാനവും ഛർദ്ദിയും തുടങ്ങി. ബ്രദർ നിക്കാവോസ് ഓടിവന്നു. ചില പ്രതിവിധികൾ ചെയ്തു. ഒന്നും ഫലിച്ചില്ല...!

## എൻെറ അന്ത്യ നിമിഷങ്ങൾ

എനിക്കു മനസ്സിലായി എൻെറ അന്ത്യ നിമിഷം അടുത്തുവെന്ന്. *'ഒടുക്കത്തെ ഒപ്രുശുമാ' തരണമെന്ന് ഉടനെ ഞാൻ ആവശ്യപ്പെട്ടു. ഈ ലോകത്തെ ഞാൻ വിട്ടുപിരിയുവാൻ പോകുന്നെന്ന്, ലെയോപ്പോൾഡ് മൂപ്പച്ചനും ബോദ്ധ്യമായി. അതിൻെറ വ്യസനം മൂലം, അദ്ദേഹം തൻെറ കട്ടിലിൽ കിടന്നു കണ്ണീരൊഴുക്കുകയായിരുന്നു. തന്മൂലം, അദ്ദേഹത്തിൻെറ വിസമ്മതത്തെ മാനിച്ച്, അന്നത്തെ കൂനമ്മാവു കൊവേന്തവികാരി, വി. യോഹന്നാൻ ക്രൂസിൻെറ ബ. യൗസേപ്പച്ചൻ, എനിക്കു അന്ത്യലേപനം നൽകുവാൻ തയ്യാറായി വന്നു.

സമയം രാത്രി ഏഴുമണിയായി. കൊവേന്തയിലെ സകലരും എൻെറ ചുററുംകൂടി. അവർക്കെല്ലാം, എൻെറ അവസാനത്തെ ആശീർവാദം സ്വീകരിക്കണം; എൻെറ പാവരുരം ശ്രവിക്കണം. സർവ്വത്ര, ദു:ഖോഷ്മളമായ

---

ഒടുക്കത്തെ ഒപ്രുശുമ — രോഗീലേപനം

ദീർഘനിശ്വാസങ്ങൾ...! അതിനിടയിൽ ചിലർ മിഴിനീരൊഴുക്കുന്നു...! ചിലർ ഏങ്ങലടിക്കുന്നു...! ചിലർക്കു സങ്കടം സഹിക്കുവാൻ വയ്യ. അവരുടെ വിമ്മിക്കരച്ചിൽ, പെട്ടെന്നു പൊട്ടിക്കരച്ചിലായി മുറിമുഴുവൻ ചിതറുന്നു...!

## എന്റെ ചാവരുൾ

അന്ത്യശയ്യയിൽ കിടന്ന ഞാൻ, വേഗം തലനിവർത്തി, ചാരി ഇരുന്നു; കരയുന്നവരെ സമാശ്വസിപ്പിച്ചുകൊണ്ട്, നിർത്തി നിർത്തി പറഞ്ഞു:

''—നിങ്ങൾ എന്തിനു ദുഃഖിക്കുന്നു...? മനുഷ്യൻ, ആരുതന്നെ ആയാലും, എപ്പോഴെങ്കിലും മരിക്കണം...!

എനിക്കായിട്ടുള്ള സമയം ഇപ്പോഴാകുന്നു... ദൈവാനുഗ്രഹത്താൽ ഈ സമയം ഓർത്ത്, എന്നാൽ പാടുള്ള ഒരുക്കങ്ങൾ കുറേ നാൾ മുമ്പു തുടങ്ങി ഞാൻ ചെയ്തു വരുന്നു...''

പിന്നീട്, കട്ടിലിന്റെ അരികിൽ എപ്പോഴും കാണത്തക്ക വിധം, മേശപ്പുറത്തു വെച്ചിരുന്ന തിരുക്കുടുംബത്തിന്റെ രൂപത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു, ഞാൻ തുടർന്നു:

'—ഭക്തിയുള്ള എന്റെ മാതാപിതാക്കന്മാർ, ഈശോ മറിയം യൗസേപ്പ് എന്ന മഹാകുടുംബത്തെ പല വിധത്തിൽ എന്നെ ഓർപ്പിക്കുകയും, ഇതുപോലെ എപ്പോഴും എന്റെ ഹൃദയത്തിൽ ഞാൻ കാക്കുകയും ഓർക്കുകയും, വണങ്ങുകയും ചെയ്തു വന്നിരുന്നതിനാൽ, അവരുടെ അനുഗ്രഹം എപ്പോഴും എന്നെ സംരക്ഷിക്കകൊണ്ട്, മാമ്മോദീസായിൽ എനിക്കുകിട്ടിയ ദൈവ ഇഷ്ട പ്രസാദത്തെ നശിപ്പിക്കുന്നതിന് ഇടയായിട്ടില്ല എന്നു പറയുന്നതിനു്, ദൈവാനുഗ്രഹത്താൽ എനിക്കു ധൈര്യമുണ്ട്.

നമ്മുടെ പാവപ്പെട്ട സഭയേയും, അംഗങ്ങളായ നിങ്ങളെല്ലാവരേയും, ഈ തിരുക്കുടുംബത്തിനു ഞാൻ പ്രതിഷ്ഠിക്കുന്നു. തിരുക്കുടുംബത്തെ നിങ്ങൾ ആശ്രയിക്കുവിൻ.

നിങ്ങളുടെ ഹൃദയങ്ങളിൽ ആ തിരുക്കുടുംബം അധികാരം നടത്തട്ടെ.

ഞാൻ മരിക്കുന്നതിനെക്കുറിച്ച്, നിങ്ങൾ ദുഃഖിച്ചു കലങ്ങേണ്ടാ. ദൈവതിരുമനസ്സിനു സന്തോഷത്തോടുകൂടി കീഴ്‌വഴങ്ങുവിൻ. ദൈവം സർവ്വവല്ലഭനും, അറുതിയില്ലാത്ത അനുഗ്രഹകാരണമാകുന്നു. സഭയ്ക്കും നിങ്ങൾ ഓരോരുത്തർക്കും, എന്നേക്കാൾ കൂടുതൽ നന്മചെയ്‌വാൻ കഴിയുന്ന ഒരു പുത്തൻ പ്രിയോരച്ചനെ ദൈവം ഉടനെ തരും.

നിങ്ങൾ എല്ലാവരും *റേഗുളയും, ന്യായപ്രമാണങ്ങളും, ശ്രേഷ്ഠന്മാരുടെ കല്പനകളും, സൂക്ഷ്മമായി അനുസരിച്ചുകൊള്ളണം.

ദിവ്യകാരുണ്യത്തിൽ എഴുന്നുള്ളിയിരിക്കുന്ന ഈശോയെ, നിങ്ങൾ മുഴുഹൃദയത്തോടെ സ്നേഹിക്കണം. ആ തിരുഹൃദയത്തിൽ നിന്നു്, നിവ്യായുടെ വചനം പോലെ, ആയുസ്സിന്റെ വെള്ളത്തെ കോരിയെടുപ്പിൻ ...!

സഭയുടെ അംഗങ്ങളായിരിക്കുന്ന എല്ലാവരും, പ്രത്യേകം ശ്രേഷ്ഠന്മാരും, തമ്മിൽ തമ്മിൽ പരമാത്ഥ ഉപവി ഉള്ളവരായിരിക്കണം. ഇപ്രകാരം നിങ്ങൾ ചെയ്യുമെങ്കിൽ, ഈ സഭവഴിയായിട്ട്, ദൈവസ്തുതിയും ആത്മരക്ഷയും ഉണ്ടാകുകയും, സഭ ഒന്നിനൊന്നു് അഭിവൃദ്ധി പ്രാപിക്കുകയും ചെയ്യും.''

പൊടുന്നനെ ഞാൻ തളർന്നു. ''ഒപ്പ്റുശ്ലമാ'' എന്നു പറഞ്ഞു. ഉടനെ വികാരിയച്ചൻ മുട്ടുകുത്തിനിന്നു അപേക്ഷിച്ചു:

—പിതാവിന്റെ വാഴ്‌വ്, ഇവിടെ നിൽക്കുന്ന ഞങ്ങൾക്കും, സഭയിലുള്ള എല്ലാവർക്കും തരണമെ.

ഉടനെ മറ്റുള്ളവരും മുട്ടുകുത്തി, ശിരസ്സു കുനിച്ചുനിന്നു. ഞാൻ ''*ബുർക്കസെ...'' ചൊല്ലിക്കൊണ്ടു്, കരമുയർത്തി; കുരിശടയാളം വരച്ചു; ആശീർവ്വദിച്ചു.

---

റേഗുള (ലത്തീൻ) — നിയമം
ബുർക്കസെ (സുറിയാനി) — കൃപ (സുറിയാനിയിലുള്ള ആശീർവ്വാദത്തിന്റെ ആദ്യഭാഗം)

## അന്ത്യലേപനം

പിന്നീട് ഞാൻ നിവർന്നു കിടന്നു. സുബോധത്തോടെ അന്ത്യകൂദാശ സ്വീകരിച്ചു. ഇടയ്ക്കിടയ്ക്കു പട്ടക്കാരനോടൊപ്പം ഓരോ മൊഴികളും കൂടെച്ചൊല്ലി.

അന്ത്യലേപനം കഴിഞ്ഞു, എൻെറ പ്രിയംനിറഞ്ഞ ലെയോപ്പോൾഡ് മൂപ്പച്ചൻ, എൻെറ സമീപത്തു വന്നിരുന്നു.

അല്പം സംസാരിച്ചു. ഞങ്ങളുടെ അന്ത്യസംഭാഷണം!

മന്ദം മന്ദം എൻെറ നാവു കുഴഞ്ഞു. സംസാരശക്തി ക്ഷയിച്ചു. ഓക്കാനവും ഛർദ്ദിയും തുടങ്ങി. പിന്നീട് മയങ്ങി.

മയക്കം തെളിയുമ്പോൾ, 'ഈശോ മറിയം യൗസേപ്പേ എൻെറ ആത്മാവിനു കൂട്ടായിരിക്കണേ...ഈശോ...' എന്നു ചൊല്ലി. അതിനും ശക്തിയില്ലാതായി. അപ്പോൾ ചൊല്ലിത്തരുന്ന ജപം ഉള്ളിൽ ചൊല്ലി.

അരണാട്ടുകരെ ചിറമേൽ മാത്തുത്തരകനോട്, ഇന്നേ ദിവസം വരണമെന്നു ഞാൻ നേരത്തെ പറഞ്ഞിരുന്നു. അതനുസരിച്ചു തരകൻ വന്നു. ചില ഔഷധങ്ങൾ തന്നു. അപ്പോൾ ഓക്കാനം മാറി. മയക്കം വദ്ധിച്ചു. വലിവു ആരംഭിച്ചു.

സമയം ഒച്ചിനെപ്പോലെ ഇഴഞ്ഞു. പാതിരാ കഴിഞ്ഞു. അപ്പോഴേയ്ക്കും എൻെറ ശബ്ദം എന്നേക്കുമായി അടഞ്ഞു.

എന്നിട്ടും എന്നെ വിളിക്കുന്നതു കേൾക്കാം. ഉടനെ ഞാൻ കണ്ണുകൾ തുറക്കും. ചൊല്ലിത്തരുന്ന ജപങ്ങൾ ഉള്ളിൽ ചൊല്ലും. അധരങ്ങളുടെ ചലനശക്തിയും അതിനകം ക്ഷയിച്ചിരുന്നു. വൈദികർ അടുത്തു നിന്നിരുന്നു. അവർ, ഇടക്കിടയ്ക്കു മനസ്താപ പ്രകരണങ്ങൾ ചൊല്ലി, ദോഷം പോക്കി.

പൊടുന്നനെ ഒരു വലിയ പാരവശ്യം......! അതു ഒരു മണിക്കൂറോളം നീണ്ടുനിന്നു. കുരിശിൽ തൂങ്ങിയ ഈശോയുടെ തിരുമുറിവുകളിൽ ഞാനതു സമർപ്പിച്ചു;

മാതാവിന്റേയും യൗസേപ്പിതാവിന്റേയും കരങ്ങൾ വഴി. അപ്പോഴേയ്ക്കും എന്റെയുള്ളിൽ ഏതോ പരമാനന്ദം കവിഞ്ഞുകൂടി....!

രാത്രി ഏഴു മണിക്കു ശേഷമാണ് എനിക്ക് അന്ത്യ കൂദാശകൾ നൽകിയത്. പിന്നീട് ചൂടുള്ള വാർത്തയുമായി ലെയോപ്പോൾഡ് മൂപ്പച്ചൻ, കൂനമ്മാവു മഠത്തിൽ ചെന്നു. യാക്കോബ് ബഞ്ചമിനെയെന്നപോലെ ഞാൻ കരുതിയിരുന്ന കന്യാസ്ത്രീകളെ കണ്ടു. എന്റെ വിവരങ്ങളറിയിച്ചു:

“വേണ്ട കൂദാശ ദോഷപൊറുതികളൊക്കെ കൊടുത്തു... ഒരു വട്ടം, ഞാൻ പ്രിയോരച്ചന്റെ അടുത്തുനിന്നു കൊണ്ടു ചോദിച്ചു:

—അച്ചാ, ഇപ്പോൾ എങ്ങനെ ...? സന്തോഷമുണ്ടോ ...? ഏറെ സമാധാനമുണ്ടോ ...? എന്ന്.

ഇതിന് ഇരുകയ്യും കൂട്ടിക്കൊണ്ട് പ്രിയോരച്ചൻ ഉത്തരിച്ചു:

—അച്ചാ, ഇപ്പോൾ എനിക്കു നല്ല സന്തോഷവും സമാധാനവുമുണ്ട്”” എന്ന്.

## അത്ഭുതകരമായ ആനന്ദം

എന്റെ അന്ത്യവിനാഴിക അടുക്കുംതോറും അത്ഭുതകരവും അവാച്യവുമായ ഒരാനന്ദം എന്റെയുള്ളിൽ ഉദിച്ചുയർന്നു.

ജനുവരി 3-ാം തീയതിയായി. എനിക്കു നല്ല ആശ്വാസമുണ്ടെന്നു പലർക്കും തോന്നി. കാരണം, തിരുക്കുടുംബം എന്റെ മനസ്സിനു നൽകിയ അഭൂതപൂർവ്വമായ ആനന്ദത്തിന്റേയും സമാധാനത്തിന്റേയും തിളക്കം, എന്റെ മങ്ങിയ മുഖത്തിലും വിളങ്ങിയിരുന്നു. തന്മൂലം, ചില വൈദികരും, നവസന്ന്യാസികളും ദിവ്യബലി അർപ്പിക്കുന്നതിനും, ദിവ്യകാരുണ്യം സ്വീകരിക്കുന്നതിനുമായി പള്ളിയിലേക്കു പോയി.

മണി ഏഴരയായി. എന്നിൽ പെട്ടെന്നൊരു ഭാവ പ്പകർച്ച. അടുത്തുനിന്ന വൈദികർ, എനിക്കു *അടച്ചു റൂശ്ശുമാ നൽകി. ഞാൻ വായൊന്നു തുറന്നു. അപ്പുറത്തും ഇപ്പുറത്തും എനിക്കുവേണ്ടി അർപ്പിക്കുന്ന ദിവ്യബലിക ളോടൊപ്പം, എന്റെ ആത്മാവിനേയും പരമപിതാവിനു ഞാൻ സമർപ്പിച്ചു

അങ്ങനെ 65 വർഷവും 10 മാസവും 25 ദിവസവും, ദൈവതിരുമനസ്സിനു കീഴ്‌വഴങ്ങി, ദൈവസ്തോത്രം പാ ടിയിരുന്ന എന്റെ ആത്മാവാകുന്ന പൈങ്കിളി, ശരീരമാ കുന്ന കൂടും വിട്ട് തിരുക്കുടുംബത്തിന്റെ കൂട്ടം പിടിച്ച് ഉടയവന്റെ മടിയിലേയ്ക്കു പറന്നു പോയി ...!

എന്നെ പിടികൂടിയ മരണം, ഇന്നല്ലെങ്കിൽ നാളെ, നിങ്ങളേയും പിടികൂടും. അന്ന് എന്നെപ്പോലെ, സന്തോ ഷത്തോടും സമാധാനത്തോടും കൂടെ മരിക്കുവാൻ, നി ങ്ങൾക്കു സാധിക്കുമോ ...?

ഇല്ലെന്നു തോന്നുന്നുവെങ്കിൽ വേഗം ഭാഗ്യക്കുറി എ ടുക്കൂ —ഭാഗ്യമരണത്തിനുള്ള ഭാഗ്യക്കുറി—തിരുക്കുടുംബ ഭക്തി ...!

## IV

## വലിയ വാർത്ത

''പ്രിയോരച്ചൻ മരിച്ചുപോയി... ! ''

കാട്ടു തീ പോലെ ആ വാർത്ത പരന്നു. പള്ളിമണി കരം തേങ്ങിക്കരഞ്ഞു. അതുകേട്ട ജനങ്ങൾ കൂട്ടംകൂട്ടമായി കൂനമ്മാവിലേയ്ക്കു ഓടിയണഞ്ഞു.

കഴിയുന്നതും വേഗം എന്റെ മൃതദേഹം കൊവേന്ത ക്കാർ ചമയിച്ചു. കുർബാനക്കുപ്പായം മുതലായവ അണി യിച്ചു. പള്ളിയിൽ വിശേഷവിധിയായി അലങ്കരിക്ക പ്പെട്ട *ഏസ്കിമേൽ സ്ഥാപിച്ചു.

---

അടച്ചുറൂശ്ശുമാ — അന്ത്യാശീർവ്വാദം
ഏസ്കി — ദേവാലയത്തിൽ ശവമഞ്ചം വയ്ക്കുന്ന ഉയർന്ന പീഠം

തകന്ന മനസ്സോടും നിറഞ്ഞ മിഴികളോടുംകൂടെ ജന ങ്ങാം എന്നെ സമീപിച്ചു. ഉറങ്ങുന്നതുപോലെ കിടന്ന എൻെറ വദനത്തിൽ മിഴികളർപ്പിച്ചു. ചിലർ ഭക്തിപുര സ്സരം എൻെറ കരങ്ങളും പാദങ്ങളും ചുംബിച്ചു. മററു ചി ലർ ജപമാല എത്തിച്ചു... പ്രാത്ഥിച്ചു...

ലെയോനാർദ്ദ മെത്രാപ്പോലീത്താ, അപ്പോരം സ്ഥാന സന്ദർശനാത്ഥം, തെക്കൻ പറവൂർ താമസിക്കുകയായി രുന്നു. എൻെറ മരണവൃത്താന്തം അറിഞ്ഞ ഉടനെ, എൻെറ നിത്യശാന്തിക്കായി അദ്ദേഹം ആഘോഷമായ ശേഷക്രി യകരം നടത്തി.

കൂനമ്മാവിലും, വിവരമറിഞ്ഞ മററു കൊവേന്തകളി ലും, തുടരെത്തുടരെ റാസ, പാട്ടുകർബാന മുതലായവ ചൊല്ലി. ശവസംസ്കാരം, 4-ാം തീയതി ബുധനാഴ്ച, ഉച്ച യ്ക്കു മുമ്പു നടത്തുന്നതാണെന്ന അറിയിപ്പുണ്ടായി. അതോ ടെ നാലുദിക്കിൽ നിന്നും ജനാവലി കൂനമ്മാവിലേയ്ക്കു പ്രവഹിച്ചു; പള്ളിസാമാനങ്ങളുമായി.

പെ. ബ. ഫീലിപ്പോസ് മിഷനറിയായിരുന്നു, അന്നത്തെ വികാരി ജനറാരം. അദ്ദേഹം ലെയോപ്പോരംദ് മിഷനറിയെ വിളിച്ചു പറഞ്ഞു ;

— നമ്മുടെ പ്രിയോരച്ചൻ ഒരു സന്ന്യാസിയും ശ്രേഷ്ഠ നുമായിരുന്നു. അതുകൊണ്ട് സന്ന്യാസിക്കടുത്ത ഉടുപ്പു മാത്രം ധരിപ്പിച്ചു അടക്കുന്നതാണ് ഉചിതം. ആ ക്രമ മായിരിക്കും, പിന്നീട്, എല്ലാവക്കും നല്ല മാതൃ കയും...!

എല്ലാവരും ഈ അഭിപ്രായം ആദരിച്ചു. തന്മൂലം, 3-ാം തീയതി രാത്രിയിൽത്തന്നെ എൻെറ കർബാനക്കു പ്പായം മാററി. പകരം സ്കാപ്പുലറും ഊറാലയും ധരിപ്പി ച്ചു കിടത്തി.

നാലാം തീയതി രാവിലെ മുതൽ റാസ, ഒപ്പീസ് മുതലായ കമ്മങ്ങരം തുടർച്ചയായി നടന്നുകൊണ്ടിരുന്നു. ഉച്ചയ്ക്കുമുമ്പുതന്നെ ശവസംസ്കാര കമ്മം ആരംഭിച്ചു. ബ. യൗസേപ്പ് ത്രേസ്യാ അച്ചൻ റാസ പാടി. പോരുക്കരെ

കര്യാക്കോസ് ഏലീശാച്ചനും, ചാവറ യൗസേപ്പച്ചനും, സംസ്കാര കർമ്മത്തിന്റെ പ്രധാന കാർമ്മികരായി.

അന്നായിരുന്നു, കേരളത്തിലെ ജനങ്ങൾക്ക് എന്നോട് എത്രമാത്രം സ്നേഹബഹുമാനങ്ങളുണ്ടെന്ന്, എല്ലാവരും ആദ്യമായി അറിഞ്ഞത്.

അതി വിസ്തൃതമായ കൂനമ്മാവു പള്ളിയുടെ പരിസരങ്ങളിലേയ്ക്കുപോലും അടുക്കാൻ പാടില്ലാത്തവിധം, അത്ര വിപുലമായിരുന്നു ജനക്കൂട്ടം...! പരമ പ്രസംഗം നടത്തിയത്, കാപ്പിൽ ബ. മത്തായി മറിയം അച്ചനായിരുന്നു.

ഉപക്രമമായി അദ്ദേഹം പറഞ്ഞുവച്ചു :

— ഇന്ന് മലയാളത്തിന്റെ കൊടി വീണിരിക്കുന്നു...!

ഉടനെ ദുഃഖ സൂചകമായി വലിയ മണിനാദം മുഴങ്ങി. അതോടെ ജനങ്ങൾ വാവിട്ടു കരയുന്ന ശബ്ദം വായുവിൽ അലതല്ലി.

കരളലിയിക്കുന്ന സുദീർഘമായ പ്രസംഗം, നഗരി കാണിക്കൽ, അനേകം വൈദികർ സംബന്ധിച്ച മററു കർമ്മങ്ങൾ ഇവയ്ക്കുശേഷം, മണ്ണുകൊണ്ടുണ്ടാക്കിയ എന്റെ ദേഹം, മണ്ണായി മാറുവാൻ, മണ്ണിലേയ്ക്കു തന്നെ നിക്ഷേപിച്ചു...! 'മനുഷ്യാ നീ പൊടിയാകുന്നു' എന്നു ചിന്തിച്ചുകൊണ്ട്, ആളുകൾ പിരിഞ്ഞു.

## ശവകുടീരത്തിൽ നിന്നുള്ള സന്ദേശം

''മലയാളത്തിലെ സുറിയാനി കർമ്മലീത്താ സഭയുടെ അടിസ്ഥാനക്കാരനും, ഒന്നാമത്തെ പ്രിയോർ ജനറാളും, സന്ന്യാസികൾക്കും *പട്ടക്കാർക്കും ഉത്തമ ദൃഷ്ടാന്തവും, സർവ്വരാലും പൂജിതനും, വാത്സല്യപിതാവുമായ (ചാവറ) തിരുക്കുടുംബത്തിന്റെ കര്യാക്കോസ് ഏലിയാസച്ചൻ, കൂനമ്മാവുങ്കൽ വി. ഫിലോമിനായുടെ ദേവാലയത്തിൽ, വലിയ മദ്ബഹായ്ക്കു താഴെ, അഴിയോട്ടു ചേർന്ന് പള്ളിയു

---

പട്ടക്കാർ — വൈദികർ

ടെ മദ്ധ്യത്തിൽ കബറടക്കം ചെയ്യപ്പെട്ടു'' എന്നാണ് എന്നെപ്പററി രേഖപ്പെടുത്തിയിരിക്കുന്നത്.

ആര്, എവിടെ, എങ്ങിനെ സംസ്കരിക്കപ്പെട്ടു എന്നുള്ളത് വലിയ പ്രശ്നമാണോ? 1946 ജൂലൈ 29-ാം തീയതി നടന്ന അൽഫോൻസാമ്മയുടെ ശവസംസ്കാരം എത്രയോ ആർഭാട രഹിതമായിരുന്നു! അവളുടെ ശവമഞ്ചംപോലും വഹിക്കുവാൻ വേണ്ടത്ര ആളുകളില്ലായിരുന്നു. പതിവിനു വിപരീതമായി കന്യാസ്ത്രീകൾ തന്നെയാണ് അവളുടെ മൃതദേഹം ചുമന്നത്...! എന്നിട്ടും അവൾ ഇന്നു വിശ്വവിഖ്യാതയായില്ലേ...?

അതുകൊണ്ട്, നീ ആരായിരുന്നു? എന്തായിരുന്നു...? ഇവ പ്രശ്നമേയല്ല. നീ ഇപ്പോൾ ആരാണ്? നിന്റെ യഥാർത്ഥ സ്ഥിതിയെന്ത്? ഇതാണ് ഏററവും വലിയ പ്രശ്നം.

എങ്കിലും നീ ഇപ്പോൾ ആയിരിക്കുന്ന സ്ഥിതിയിൽ, കരുണാനിധിയായ ദൈവം, നിന്നെ സ്നേഹിക്കുന്നു.

എന്റെ വത്സല മകനേ, മകളേ, എത്ര വലിയ തെററു നീ ചെയ്തുപോയിട്ടുണ്ടെങ്കിലും, ധൂർത്തപുത്രനെപ്പോലെ നീ വ്യാപരിച്ചിട്ടുണ്ടെങ്കിലും, ഇനിയും ദൈവത്തിനു നിന്നെ വേണം. അതുകൊണ്ട് നീ പശ്ചാത്തപിക്കുക; സ്നേഹ പിതാവായ ദൈവത്തിലേയ്ക്കു തിരിയുക.

''ഒരാൾക്കു നൂറു ആടുകൾ ഉണ്ടായിരിക്കേ, അതിലൊന്നു വഴിതെററിപ്പോയാൽ, തൊണ്ണൂററൊൻപതിനേയും മലയിൽ വിട്ടിട്ട് അവൻ വഴിതെററിയതിനെ അന്വേഷിച്ചു പോകയില്ലേ...? ........... ഈ ചെറിയവരിൽ ഒരുവൻപോലും നശിച്ചുപോകാൻ സ്വർഗ്ഗസ്ഥനായ പിതാവു ഇഷ്ടപ്പെടുന്നില്ല''. [മത്താ. 18:12-14]

## സ്മാരക ലക്ഷ്യം

എന്റെ ശവകുടീരത്തിൽ പോരുക്കര കുര്യാക്കോസച്ചന്റെ കയ്യൊപ്പോടുകൂടി ഒരു സ്മാരകലക്ഷ്യം ഈയത്തകിടിൽ എഴുതി നിക്ഷേപിക്കുകയുണ്ടായി. ആ ഈയ

ത്തകിട് ഇന്നു് മാന്നാനത്തു എന്റെ മുറിയിലുള്ള അലമാരയിൽ സൂക്ഷിച്ചിട്ടുണ്ടു്.

അതിൽ എഴുതിയിരിക്കുന്നതു എന്താണെന്നറിയണമോ...? അതിപ്രകാരമാണ്:

''ഈ കവറിടത്തിൽ അടക്കപ്പെട്ടിരിക്കുന്ന ചേന്നൻകരി പള്ളി ഇടവകക്കാരൻ കുര്യാക്കോസ് *ദ് തുഹമ്മാ കന്തീശ എന്ന മലയാളത്തിൽ സ്ഥാപിക്കപ്പെട്ട കമ്മ. ദി. സഭയുടെ അടിസ്ഥാനക്കാരനും, പ്രിയോരും ആയ ഈദേഹം

1805_ാം കാലം കുംഭമാസം 8_ാം നു പിറന്നു,

1832-ൽ മാന്നാനത്തു കൊവേന്തയിൽക്കൂടി, മല്പാനായി പഠിപ്പിച്ചതിന്റെ ശേഷം, 1855-ാം കാലം ധനു 8_ാം നു പറഞ്ഞൊപ്പു ചെയ്തു. ഒന്നാമത്തെ പ്രിയോരായി നിയമിക്കപ്പെട്ടു.

ഏറിയ അദ്ധ്വാനങ്ങളും ചെയ്തുവരുമ്പോഴം, റോക്കൊസിന്റെ ശപിക്കപ്പെട്ട ശീശ്മയുടെ കാലത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ വികാരി ജനറാളിന്റെ സ്ഥാനത്തോടുകൂടെ, ആത്മാവുകളുടെ രക്ഷയ്ക്കായി വളരെ പ്രയാസങ്ങളെ കഴിച്ചു്,

1871_ാം കാലം മകരമാസം 3-ാം നു കാലത്തു് $7\frac{1}{2}$ മണിക്കു്, കൂനമ്മാവു കൊവേന്തയിൽ, തന്റെ മക്കളുടെ കണ്ണുനീരുകളുടെ ഇടയിൽ, കൂദാശകളൊക്കെയും വിശേഷ ഭക്തിയോടുകൂടെ കൈക്കൊണ്ടു, സാമാന്യമല്ലാത്ത ദൈവഭക്തിയുടെ അടയാളങ്ങളോടു കൂടെ, തന്റെ അഴകുള്ള ആത്മാവിനെ, താൻ ജീവിത കാലമൊക്കെയിലും സ്നേഹിച്ച നാഥന്റെ തൃക്കൈകളിൽ കയ്യാളിക്കുകയും ചെയ്തു.''

എന്ന ഈ വാചകം ഒരു ഈയത്തകിടിൽ എഴുതിവെക്കുകയും ചെയ്തു. ദൈവ മനോഗുണത്തിന്റെ അറിവിനും സ്തുതിക്കുമായി,

ആഹാ. കുര്യാക്കോസ് ഏലീശാ

---

ദ്‌ തുഹമ്മാ കന്തീശാ — തിരുക്കുടുംബത്തിന്റെ

## ആദ്യനടപടി

''വിശുദ്ധനേ വിശുദ്ധനെ അറിയൂ'' എന്ന പഴഞ്ചൊല്ലിൽ പതിരുണ്ടോ...? ഒരു വിശുദ്ധാത്മാവായിരുന്ന എന്റെ കമ്പസാരക്കാരനായ പെ. ബ. ലെയോപ്പോൾഡ് മിഷനറി *മൂപ്പച്ചൻ. ഈശോ മറിയം യൗസേപ്പിന്റെ നേരെയുള്ള എന്റെ ഭക്തി, എന്നെ വിശുദ്ധിയുടെ മാർഗ്ഗത്തിലൂടെ നടത്തിയിരുന്നുവെന്ന്, അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ടാണ്, മരിക്കുന്നതിനു മുമ്പ് ഞാനേററു പറഞ്ഞതു്:

''ഞാൻ എന്റെ ആയുഷ്ക്കാലം മുഴുവനും, ഈ വിശുദ്ധത്രിത്വത്തിലാണ് ജീവിതം കഴിച്ചിരിക്കുന്നതു്. എന്റെ പേരു് കര്യാക്കോസ് ഏ് മിൻ തുഹോമ്മാ കന്തീശാ എന്നു ഞാൻ ധരിച്ചിരിക്കുന്നതു് ഈ ഓർമ്മക്കു വേണ്ടി തന്നെയാണു്. ഇതിന്നനുസരണമായി ഇവർ എന്റെ ആത്മാവിനെ, പാപാശുദ്ധതയിൽ നിന്നു എന്നും കാത്തു സൂക്ഷിച്ചിട്ടുണ്ട്.'' എന്നു്.

എനിക്കു ഒട്ടക്കത്തെ ഒപ്പ്രുശ്രൂമാ തന്നപ്പോൾ, മരണക്കിടക്കയിൽ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്ന ബ. ളൂയിസച്ചൻ ഇതു കേട്ട പ്രകാരം തന്നെ കുറിച്ചു വെച്ചിട്ടുമുണ്ട്.

എന്റെ മരണശേഷം ലെയോപ്പോൾഡ് മൂപ്പച്ചൻ എന്റെ മുറിയിൽ കയറി. എന്റെ വക സാധനങ്ങളെ പുറമെടുത്തു, പൂജ്യാവശിഷ്ടങ്ങളെപ്പോലെ കൈകാര്യം ചെയ്തു. അദ്ദേഹം എല്ലാ സാധനങ്ങളും, വസ്ത്രങ്ങൾ പോലും, സമമായി പങ്കിട്ടു. അന്നുണ്ടായിരുന്ന മാന്നാനം, വാഴക്കുളം, എൽത്തുരുത്തു തുടങ്ങിയ ആശ്രമങ്ങളിലെല്ലാം എത്തിച്ചു കൊടുത്തു. ഞാനുപയോഗിച്ചിരുന്ന നിയമാവലിപ്പുസ്തകം, അന്നു കൂനമ്മാവിലുണ്ടായിരുന്ന നവസന്യാസികൾക്കു അദ്ദേഹം നൽകി. ഇന്നും പ്രസ്തുത പുസ്തകം, അമ്പഴക്കാട്ടു നവസന്ന്യാസ ഭവനത്തിൽ പൂജ്യമായി സൂക്ഷിച്ചിട്ടുണ്ട്.

---

*മൂപ്പച്ചൻ — പാശ്ചാത്യ വൈദികരെ സൂചിപ്പിക്കുന്ന വാക്കു്

## എൻെറ മരണ പത്രികയുടെ കഥ

1870-ാം കാലം തുലാമാസത്തിലാണ് ഞാൻ രോഗാതുരനായത്. എൻെറ വേദനകളും വിഷമതകളും ഞാൻ സസന്തോഷം സഹിച്ചിരുന്നു; കഴിയുന്നത്ര മററുള്ളവരെ അറിയിക്കാതെ; സകലതും കർത്താവിനെ പ്രതി. 'കണ്ണിൻെറ കാഴ്ച നശിച്ചതാണ് മഹാസങ്കടകരം' എന്നു മിൽട്ടൺ പറഞ്ഞതിനോടു ഞാനും പൂർണ്ണമായി യോജിക്കുന്നു. മരണത്തിനു മൂന്നുമാസം മുമ്പു മുതൽ എൻെറ കാഴ്ച മങ്ങിത്തുടങ്ങി. ഉടനടി എൻെറ മരണ പത്രിക ഞാൻ തയ്യാറാക്കിവെച്ചു.

മരിക്കുന്നതിനു ഏതാനും ദിവസംമുമ്പുള്ള ഒരു സായം സന്ധ്യ. എന്നെ ശുശ്രൂഷിച്ചിരുന്ന നവസന്ന്യാസി *ആഹാ, ലേപ്പോൾഡിനെ ഞാനരികെ വിളിച്ചു പറഞ്ഞു:

—ഇതു് ലേപ്പോൾഡ് നല്ലവണ്ണം സൂക്ഷിച്ചു വെച്ചോണം.

—എന്താണിതു പ്രിയോരച്ചാ ...?

—ഞാനെഴുതിയ മരണശാസനയാണിതു്. എൻെറ മരണശേഷമേ ഇതു തുറക്കാവൂ. അതിനുമുമ്പ് അതു് ലേപ്പോൾഡ് പോലും തുറക്കുകയുമരുതു്.

—ഞാൻ എന്തു ചെയ്യണം... ?

—ഇതു്, ഇതുപോലെ നമ്മുടെ ലെയോപ്പോൾഡ് മൂപ്പച്ചനെ ഏല്പിക്കണം. അതുവരെ ആരെയും കാണിക്കാതെ, ലെപ്പോൾഡ് തന്നെ സൂക്ഷിക്കുകയും വേണം.

ആ നവസന്ന്യാസി, ഞാൻ കവറിലിട്ടു്, ഒട്ടിച്ചു്, മുദ്രവെച്ചു കൊടുത്തിരുന്ന ആ മരണ പത്രിക ഒരു നിധി പോലെ സൂക്ഷിച്ചു. ജനുവരി 4-ാം തീയതി, എൻെറ ശവസംസ്ക്കാരത്തിനുശേഷം ലെയോപ്പോൾഡു മൂപ്പച്ചനെ ഏല്പിച്ചു.

---

*ആഹാ (സുറിയാനി) — സഹോദരൻ – വൈദീകാർത്ഥികൾ പരസ്പരം സംബോധന ചെയ്യുന്ന രീതി.

അദ്ദേഹം അതു തുറന്നു. എൻെറ കത്തു വായിച്ചു. പിന്നീട് ആ മരണപത്രികയുടെ പകർപ്പുണ്ടാക്കി, ഓരോ കൊവേന്തയിലേയ്ക്കും ഓരോ പ്രതി അയച്ചുകൊടുത്തു. മാന്നാനം, കൂനമ്മാവു തുടങ്ങിയ കൊവേന്തകളുടെ നാളാഗമങ്ങളിൽ, എൻെറയാ മരണശാസനത്തിൻെറ പകപ്പു് നിങ്ങാംക്ക കാണാം.

ഒരു പിതാവ് സ്വന്തം സന്താനങ്ങളെയെന്നപോലെ, കൊവേന്തകളിലുള്ളവരെ ഞാൻ സ്നേഹിച്ചിരുന്നു. ഒരു പിതാവിനെയെന്നപോലെ, അവർ എന്നേയും. അതിനു തെളിവാണ് ഞാൻ താഴെ പറയുന്ന കഥ.

## പ്രതിസ്നേഹം പ്രിയോർ മാങ്ങയോ ?

പ്രിയോർ മാങ്ങ. ആ മാമ്പഴത്തിൻെറ പേരുകേട്ടാൽ, നാവിൽ മധുരമൂറും. പക്ഷെ ആ പേരു് അതിനെങ്ങനെ കിട്ടിയെന്നറിയാമോ...?

എൻെറ വത്സലമക്കാംക്ക് എന്നോട് പ്രതിസ്നേഹമുണ്ട്. പ്രതിനന്ദിയുണ്ട്. അവ വളന്നു വലുതായി, പടന്നു പന്തലിച്ചു്, പൂത്തുണ്ടായ ഫലമാണ്, പ്രിയോർ മാങ്ങാ...!

ഞാൻ കൂനമ്മാവിൽ താമസിച്ചിരുന്ന കാലം. ആലുവായിൽ കളിച്ചു താമസിച്ചിരുന്ന എൻെറ ഒരു സ്നേഹിതൻ എന്നെ കാണാൻ വന്നു. ഗോവയിൽ നിന്നോ മറേറാ കൊണ്ടുവന്നു് ആലുവായിൽ വിററിരുന്ന ഒന്നുരണ്ടുതരം നല്ല മാമ്പഴം അയാറം എനിക്ക സമ്മാനിച്ചു.

അതിലൊരുഭാഗം കയ്യോടെ കൂനമ്മാവു മഠത്തിലേയ്ക്കു ഞാൻ കൊടുത്തയച്ചു; എൻെറ മുറിവാതില്ക്കൽ ഞാൻ പെട്ടിയിൽ വളർത്തിയിരുന്ന കറെ പഴത്ത മുളകും.

നല്ലതെന്നു തോന്നിയ മാമ്പഴത്തിൻെറ അണ്ടി പാകി. കരുത്തോടെ കിളുത്തുവന്ന ഒരെണ്ണം കൂനമ്മാവിൽ വെച്ചു പിടിപ്പിച്ചു. അതിൽ മാങ്ങയുണ്ടായപ്പോഠം, അതിലൊരു നല്ല പങ്കു്, എല്ലാ കൊവേന്തകളിലേയ്ക്കും ഞാൻ കൊടുത്തയച്ചു. എൻെറ വത്സല മക്കാം, ഞാൻ

കാണിച്ച സ്നേഹത്തിന് പ്രതിസ്നേഹം പ്രകടിപ്പിച്ചു; പ്രിയോർ കൊടുത്തയച്ച മാങ്ങയെ 'പ്രിയോർ മാങ്ങ' എന്നു വിളിച്ചുകൊണ്ട്! അതിൻെറ അണ്ടിയോ ഒട്ടിച്ച ശിഖരങ്ങളോ മററുള്ള സ്ഥലങ്ങളിൽ വെച്ചുപിടിപ്പിച്ചു കൊണ്ട്! അങ്ങനെയാണ്, ഇന്നു് കേരളമൊട്ടുക്ക പ്രചലിതമായ പ്രിയോർ മാങ്ങയുടെ പേരുത്ഭവിച്ചത്..!

ഞാൻ നട്ടുപിടിപ്പിച്ച ആ മാവ് 1977–ൽ ഉണങ്ങിപ്പോയി. എങ്കിലും ആ കഥ അവിടം കൊണ്ടും അവസാനിച്ചില്ല. ആ മാവിൻ തടി വട്ടം വട്ടം മുറിച്ച്, എന്നോടുള്ള സ്നേഹത്തെപ്രതി, അതിൻെറ പങ്കു ഓരോ കൊവേന്തകളിലേയ്ക്കും എത്തിച്ചുകൊടുത്തു. കൂനമ്മാവു മഠത്തിൻെറ സ്വീകരണമുറിയിൽ, എൻെറ പടം വരച്ചു വെച്ചിരിക്കുന്നതു് ആ തടിയിലാണ്. മാന്നാനം കൊവേന്തയിൽ എൻെറ മുറിയിൽ കാണുന്ന ചെറിയ മേശയുടെ മുകളം ഭാഗം, ആ മാവിൻ തടിയാണ്...!

ദൈവത്തിൻെറ തൃക്കരം എപ്രകാരമൊക്കെയാണു വർത്തിക്കുക! അതളക്കുവാൻ, എത്ര അറിവു സമ്പാദിച്ചാലും നമുക്കു സാധിക്കുകയില്ല. അതിലും എളുപ്പം, സമുദ്രത്തിലെ വെള്ളം മുഴുവൻ, തീരത്തു കുഴിച്ചുണ്ടാക്കിയ ഒരു കൊച്ചു കുഴിയിൽ, ഒരു കക്കാകൊണ്ടു കോരി നിറയ്ക്കുവാൻ കഴിയും...! ഇല്ലേ...?

## പ്രിയോർ വള്ളത്തിൻെറ കഥ

ഇന്നും, മാന്നാനത്തു ചെല്ലുന്നവർ കാണാൻ കൊതിക്കുന്ന ഒരു പഴയ വഞ്ചിയുണ്ട്. അതാണു പ്രിയോർ വള്ളം...! പ്രിയോർ മാങ്ങയുടെ മൂത്ത ജ്യേഷ്ഠനാണു പ്രിയോർ വള്ളമെന്നു പറഞ്ഞാൽ അതിശയിക്കാനില്ല.

1837–ൽ മാന്നാനം പള്ളിപണിക്കു തടി ശേഖരിക്കുന്നതിനായി, കണിയാന്തറ യാക്കോബും ഞാനും കൂടി ആരക്കുഴ, വാഴക്കുളം പ്രദേശങ്ങളിൽപ്പോയി. വാഴക്കുളത്തിനു തെക്കുവശത്തു ആററിൽ മണലിൽ താണ് 22 വണ്ണത്തിൽ ഒരു കുററിത്തടി കണ്ടു. മണ്ണു മാന്തിച്ച് അതും

വെട്ടിച്ചു. കലയക്കാട്ടിൽ ഒരാളിൻെറ വക 5 തടി വെട്ടിച്ചു. മുതലക്കോടത്തു 18 വണ്ണം 24 നീളത്തിൽ ഒരു തടി വെട്ടിച്ചു. കലയക്കാട്ടിൽ ഒരു തടി വള്ളമായിട്ടും വെട്ടിച്ചു. നെയ്ച്ചേരിമലയിൽ അതു് വെച്ചിരുന്നു. പിന്നീട്, പെ.ബ. കമ്മല *വിഗാരിയച്ചൻെറയും മററും ഉത്സാഹത്താൽ അതു ഇറക്കി വന്നു, 'കണ്ടപ്പോഠം തടി വലിയതും നല്ലതുമായിരുന്നു. എങ്കിലും തടി ചാലു പൊക്കിയതിനാൽ കനം കുറഞ്ഞും, ഏറിയ നാഠം മലയിൽ ഇരുന്നു ഉണങ്ങിയതിനാൽ വിണ്ടു കീറിയുമിരുന്നു.

പിന്നീട് ബ. കുറിയാക്കോസ് ഏലീശാ അച്ചൻെറ പ്രയത്നത്താൽ, കല്ലൂർക്കാട്ട കോയിക്കര വർക്കിയെ കൊണ്ടു് എട്ടുതണ്ടു വെപ്പാൻ തക്കവണ്ണം പണിയിച്ചു തീർത്തു. പ്രക്കദോരായിരുന്ന ചാണ്ടിപ്പിള്ള അച്ചൻ, പക്കനെക്കൊണ്ടു്, ഒരു കൂടാരവും പണിയിച്ചു.

ഈ പുത്തൻ വള്ളത്തിലാണു്, പുത്തൻ യാത്രയായിട്ടു് പെ. ബ. മൂപ്പച്ചനും, ഞാനും, ബ. വക്കിയച്ചനും, നിക്കൊവോസ് സഹോദരനും, 4 നവ സന്ന്യാസികളും കൂടി എൽത്തുരുത്തു പുത്തൻപള്ളി *റൂശ്മാ ചെയ്യുവാനായി പോയതു്...!

അക്കാലത്തു് ഇന്നത്തെപ്പോലെ വണ്ടിയോ മററു ഗതാഗത സൗകര്യങ്ങളോ ഇല്ലായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. ഈ വഞ്ചി എൻെറ യാത്രയ്ക്കു വളരെ ഉപകരിച്ചിട്ടുണ്ടു്. പ്രത്യേകിച്ചും എനിക്കു അധികം നടക്കുവാൻ വയ്യാതായ കാലങ്ങളിൽ.

പ്രിയോരച്ചൻെറ വള്ളമെന്നും, വലിയ പ്രിയോരച്ചൻെറ വള്ളമെന്നും ആളുകഠം ഈ വള്ളത്തിനു അന്നേ പേരിട്ടിരുന്നു. എൻെറ മരണശേഷം എൻെറ വത്സല മക്കഠംക്കു് എന്നോടുണ്ടായിരുന്ന സ്നേഹം ഫലനീഭവിച്ചുണ്ടായതാണു്, 'പ്രിയോർ വള്ളം...'!

അതുകൊണ്ടാണു്, ഇന്നും മാന്നാനത്തു അതു സൂക്ഷിച്ചിരിക്കുന്നതു്. 28 അടി നീളവും $3\frac{1}{4}$ അടി വീതിയുമുള്ള

വിഗാരി — വികാരി . റൂശ്മ — ആശീർവ്വാദം

ആ പഴയ വഞ്ചിയും അതിൻെറ കൂടാരവും പലരും കാണാൻ കൊതിക്കുന്ന ഒരു കൗതുക വസ്തുവായി ഇന്നു മാറിയെങ്കിൽ, അതിനു കാരണക്കാരൻ കരുണാനിധിയായ ദൈവമാണ്...!

## അമ്മ ചെയ്ത അത്ഭുതം

തടിയുടെ കാര്യം പറഞ്ഞപ്പോൾ, മററൊരു സംഭവം ഓർമ്മയിൽ വന്നു. നമ്മുടെ അമ്മയുടെ സ്തുതിക്കായി ഞാനതു പറയാം.

ഒരിക്കൽ ആശ്രമപ്പണികൾക്കു തടി ശേഖരിക്കുവാനായി പ്ലാശനാലിനടുത്തുള്ള കിഴക്കൻ മലകളിലേയ്ക്കു ഞാൻ പോയി. ഭയങ്കരനായ ഒരു കരിങ്കോളി സർപ്പം അക്കാലങ്ങളിൽ അവിടെ ഉണ്ടായിരുന്നു. അതിലെ കടന്നു ചെല്ലുന്ന ആടുമാടുകളേയും കോഴികളേയും മററും അവൻ വക വരുത്തിയിരുന്നു. ആളുകളെ തനിച്ചു കണ്ടാൽ ഓടിച്ചിട്ടു കടിക്കുമായിരുന്നു. തന്മൂലം അയൽ പ്രദേശങ്ങളിലെ ആളുകൾപോലും അവനെ ഭയന്നാണു കഴിഞ്ഞിരുന്നതു്. പലപ്രാവശ്യം തോക്കുംകൊണ്ടുപോയിട്ടുപോലും, ആക്കും അവനെ കൊല്ലാൻ കഴിഞ്ഞില്ല...!

ഈ വിവരങ്ങളൊന്നും ഞാനറിഞ്ഞിരുന്നില്ല. എൻെറ കൂടെയുണ്ടായിരുന്ന ഭൃത്യൻ എന്തൊക്കെയോ എന്നോടു പറഞ്ഞു. ഞാനതു കാര്യമാക്കിയതുമില്ല...!

ഞങ്ങൾ മലയുടെ അടിവാരത്തെത്തി. പെട്ടെന്നു് എവിടെയോ നിന്നൊരു ശബ്ദം...! അതാ അകലെ നിന്നും ചീററിക്കൊണ്ടു പാഞ്ഞുവരുന്നു, ആ ഘോര സർപ്പം...!

ഞാൻ അനങ്ങിയില്ല. പേടിച്ചു നിലവിളിച്ച ഭൃത്യനെ ഞാൻ അരികത്തു പിടിച്ചു നിർത്തി, ആശ്വസിപ്പിച്ചു. എങ്കിലും തൻെറ അന്ത്യവിനാഴിക അടുത്തുവെന്ന മട്ടിൽ അവൻ ഭയന്നു. ആകെ തളന്നു. കരിങ്കോളിസർപ്പത്തിൻെറ മുന്നിൽപ്പെട്ടവരാരും ഇതേവരെ രക്ഷപെട്ടിട്ടില്ലത്രെ...!

പെട്ടെന്ന ആ ഭയങ്കര സപ്പം എന്റെ മുന്നിലെത്തി. 'എന്റെ അമ്മേ' എന്ന ഞാൻ വിളിച്ചു. ഉടനടി സപ്പത്തിന്റെ തല തകത്ത അമ്മയുടെ ശക്തി ദൃശ്യമായി. സപ്പത്തിന്റെ ഗതിമുട്ടി. വണ്ടിക്ക സഡൺ ബ്രേക്കിട്ടതുപോലെ, പറുദീസായിൽ വന്ന ആ പൈശാചിക എന്റെ മുന്നിൽ നിന്ന, ശിരസ്സയത്തി, ഭയാനകമായി ചീററി...!

നമ്മുടെ അമ്മയെ ഞാൻ മനസ്സിൽ കണ്ടു. ആ അമ്മയുടെ മുമ്പിൽ ഞാൻ മുട്ടകത്തി, കൈകൂപ്പി നിന്ന പ്രാർത്ഥിച്ചു. മരണത്തിനൊരുങ്ങുന്നതുപോലെ, എന്റെ കൂടെയുണ്ടായിരുന്നവരും ദൈവത്തോടു പ്രാത്ഥിച്ചു. ആ കരിങ്കോളിസപ്പം എന്നെ തൊടുകയില്ലെന്നു", അമ്മ എനിക്ക ഉറപ്പു നൽകി.

"പ്രിയോരച്ചനെ കരിങ്കോളി വക വരുത്തും...!" ഞാനെങ്ങോട്ടാണു പോയതെന്നറിഞ്ഞ ആളുകരം പറഞ്ഞു. അവർ ആകലചിത്തരായി. കണ്ണിൽ കണ്ട ആയുധങ്ങളുമായി എന്റെ പിന്നാലെ ഓടി.

അവർ എന്റെ സമീപമെത്തി. അപ്പോരം കണ്ട കാഴ്ച അവരെ വിസ്മയഭരിതരാക്കി. മുട്ടകത്തി പ്രാത്ഥിച്ചുകൊണ്ടു നിൽക്കുന്ന ഞങ്ങരം! മുമ്പിൽ സംഹാരരുദ്രനെപ്പോലെ നിന്ന ചീററുക മാത്രം ചെയ്യുന്ന കരിങ്കോളി സപ്പം...!

അവരെത്തിച്ചേർന്നിട്ടും അവസാനിക്കാതിരുന്ന ഈ രംഗം, നീണ്ടുപോകുവാൻ അവർ അനുവദിച്ചില്ല. വളരെ സൗകര്യത്തിന കിട്ടിയ കരിങ്കോളിയെ, നിഷ്പ്രയാസം അവർ വെടിവെച്ചു വീഴ്ത്തി!

അമ്മ നൽകിയ അത്ഭുതകരമായ ഈ അനുഗ്രഹത്തിന എന്നോടൊപ്പം അവരും നന്ദി പറഞ്ഞു...!

എന്റെ മരണശേഷം 114 സംവത്സരങ്ങരം കഴിഞ്ഞു, എന്നിട്ടും നിങ്ങരം എന്നെ സ്മരിക്കുന്നുവെങ്കിൽ, അതിന കാരണം, കരുണാനിധിയായ കത്താവാണു". എന്റെ ജീവിതകാലത്തു ഞാൻ ചെയ്ത പരസ്നേഹ പ്രവൃത്തികളാണു". അവ എന്തായിരുന്നുവെന്നു" ഞാൻ തുടർന്നു പറയാം.

# V

## ഞാനെന്തു ചെയ്തു....?

മററുള്ളവരുടെ നോട്ടത്തിൽ, ആനന്ദിക്കാനും അഭിമാനിക്കാനും പററിയ അനേക കാര്യങ്ങൾ എൻെറ 65 വയസ്സിനകം ചെയ്തുതീർത്തതായി കണ്ടെന്നു വരാം. പക്ഷേ, എൻെറ വീക്ഷണത്തിൽ, എൻെറ സ്വന്തം കഴിവു കൊണ്ട് എന്തെങ്കിലും ചെയ്തതായി ഞാൻ കാണുന്നില്ല. എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, അതെല്ലാം കർത്താവു എന്നെക്കൊണ്ടു ചെയ്യിച്ചതാണ്.

ഞാൻ വെറും കളിമണ്ണായിരുന്നു. കർത്താവ് വരപ്രസാദമാകുന്ന വെള്ളമൊഴിച്ച് എന്നെ ചവുട്ടിക്കുഴച്ചു. ലോകചക്രത്തിലിട്ടു തിരിച്ചു. അപ്പോഴപ്പോൾ തോന്നിയ പാത്രങ്ങൾ മെനഞ്ഞെടുത്തു, ഉപയോഗിച്ചു. അതിൽ സ്വന്തമായി അഭിമാനിക്കുവാൻ, എനിക്കെന്താണവകാശം...?

ഞാൻ ശുദ്ധഭോഷനായിരുന്നു. വെറും മരമണ്ടൻ...! കയ്യിൽ കാൽ ചക്രംപോലുമില്ലാതെ, മാന്നാനത്തെ കൊവേന്തയും, പള്ളിയും, സെമ്മിനാരിയുമൊക്കെ പണിയാൻ ഇറങ്ങിത്തിരിക്കുന്നവൻ മരമണ്ടനല്ലേ...? പനമ്പു മേടിച്ചു മൂന്നു മുറിയുണ്ടാക്കാൻപോലും പണമില്ലാത്തവൻ, കൂനമ്മാവിൽ കന്യാസ്ത്രീകൾക്കുള്ള സി. എം. സി. മഠം സ്ഥാപിച്ച്, അവർക്കു പററിയ പാർപ്പിടമുണ്ടാക്കാമെന്നു കരുതുന്നത്, ഭോഷത്തരമല്ലേ...? ഒരു മുഴുവൻ വീപ്പ മഷി പോലും വാങ്ങിക്കുവാൻ ഗതിയില്ലാത്തവൻ, അന്നത്തെ കാലത്ത് മാന്നാനത്തു ഒരു പ്രസ്സു സ്ഥാപിച്ചു നടത്തിക്കളെയാമെന്നു വിചാരിക്കുന്നതു വിഡ്ഢിത്തരമല്ലേ...? അങ്ങനെ ആ ലിസ്റ്റു നീളും...!

പിന്നെ എങ്ങിനെ ഇതെല്ലാം സാധിച്ചു എന്നു നിങ്ങൾ ചോദിക്കുമായിരിക്കും. പറയാം. എനിക്കൊരു വലിയ മൂലധനമുണ്ടായിരുന്നു. എന്താണെന്നോ...? ദൈവപരിപാലനയിലുള്ള അടിയുറച്ച വിശ്വാസം! മാതാവിലുള്ള ശരണം! യൗസേപ്പിതാവിൻെറ മദ്ധ്യസ്ഥം!

'നിൻെറ തിരുവചനംപോലെ എന്നിലാകട്ടെ' എന്നു പറഞ്ഞ നമ്മുടെ അമ്മയെപ്പോലെ, ദൈവതിരുമനസ്സിനു കീഴ്വഴങ്ങുവാൻ ഞാൻ സദാ സന്നദ്ധനായിരുന്നു. ഈശോയെ വളർത്തിയ യൗസേപ്പിതാവിനെപ്പോലെ, ഏതു വേല ചെയ്യുവാനും കർത്താവിനുവേണ്ടി കഷ്ടപ്പെടുവാനും ഞാൻ തയ്യാറായിരുന്നു. കർത്താവിനെ അനുകരിച്ച്, ആരുടേയും പാദം കഴുകുവാനും, കരയുന്നവരുടെ കണ്ണുനീരു തുടയ്ക്കുവാനും, ശത്രുക്കളോടു ക്ഷമിക്കുവാനും എൻെറ കയ്യും കരളും നീളമായിരുന്നു.

എല്ലാം കാണുന്ന 'എൻെറ നല്ല അപ്പന്', ദൈവപിതാവിന്, അതറിയാമായിരുന്നു.

അവിടുന്ന് എൻെറ കൂടെയുണ്ടായിരുന്നു. സഭാപരമോ, ശാരീരികമോ, ആത്മീയമോ മാനസികമോ ആയ ഏതു ഭീകരപ്രശ്നത്തേയും, മാറിമാറി വേഷംകെട്ടി വരുന്ന ഏതു ഗോലിയാത്തിനേയും, ദാവീദിനെപ്പോലെ അഭിമുഖീകരിക്കുവാനുള്ള തൻേറടം, 'എൻെറ നല്ല അപ്പൻ' എനിക്കു നൽകിയിരുന്നു; ഞാൻ സദാ സ്മരിച്ചിരുന്ന ഈശോ, മറിയം, യൗസേപ്പ് എന്ന തിരുനാമങ്ങൾ വഴിയായി, ഞാൻ സദാ എൻെറ കൂടെ കൊണ്ടു നടന്നിരുന്ന തിരുക്കുടുംബം വഴിയായി.

## മറക്കാനാവാത്ത ദുരവസ്ഥ

ഇന്ന് കേരള സുറിയാനി ക്രൈസ്തവ സഭ, തേനും പാലുമൊഴുകുന്ന കാനാൻ ദേശത്തല്ലേ ...? പക്ഷേ പത്തൊൻപതാം നൂററാണ്ടിലെ അറുപതുകളിൽ സുറിയാനിക്കാർ മരുപ്പച്ചപോലുമില്ലാത്ത മരുഭൂമിയിലായിരുന്നു. സ്വന്തം ജനത്തെ നയിക്കാൻ അന്ന് സ്വന്തക്കാർ ആരുമില്ലായിരുന്നു. നാഥനില്ലാത്ത കുടുംബത്തിൽ, രണ്ടാനമ്മയുടെ കീഴിൽ കഴിയേണ്ടിവരുന്ന ഒന്നാം കുടിയിലെ മക്കളെപ്പോലെ, സുറിയാനിക്കാർ കേഴുകയായിരുന്നു...! ഇതു മുഴുവൻ എൻെറ അഭിപ്രായമാണെന്നു നിങ്ങൾ ധരിക്കരുത്; അന്നത്തെ പൊതുവായ ചിന്താഗതി വരച്ചു കാണിക്കുന്നു എന്നു മാത്രം...

## ഇതെങ്ങനെ സംഭവിച്ചു ?

മക്കടെമുഷ്ടിക്കാരനായ ഒരു ശാസ്ത്രജ്ഞനെപ്പോലെ, തൻെറ മുമ്പിൽ കർത്താവിനെ കണ്ടതിനുശേഷം മാത്രം, കർത്താവിൻെറ തിരുവിലാവിൽ 'വിരൽ തൊട്ടതിനുശേഷം മാത്രം, 'എൻെറ കർത്താവേ എൻെറ ദൈവമേ' എന്നു പ്രഖ്യാപിച്ച നമ്മുടെ തോമ്മാശ്ലീഹാ, എ. ഡി. 52 ൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി, അത്ഭുതങ്ങളിലൂടെ സ്ഥാപിച്ചതല്ലേ, ഈ കേരള ക്രൈസ്തവ സഭ...?

അമ്പലക്കുളത്തിലിറങ്ങി, ദൈവനാമത്തിൽ കോരി മുകളിലെറിഞ്ഞ ജലകണങ്ങളെ, താരകപ്പൂക്കളെപ്പോലെ മുകളിൽത്തന്നെ നിർത്തി, കോരിയെടുത്ത വെള്ളത്തിൻെറ വടുവ് ജലാശയത്തിലും നിർത്തി, കർത്താവിൻെറ മഹിമ കാണിച്ച് കേരള നമ്പൂരിമാരെ കത്തോലിക്കരാക്കി മാററിയ തോമ്മാശ്ലീഹായുടെ വത്സല സന്താനങ്ങൾക്ക് എന്തു പററി...?

കൊടുങ്ങല്ലൂർ, കൊല്ലം, കോട്ടക്കാവ്, കോക്കമംഗലം, ചായൽ, നിരണം, പാലയൂർ എന്നിവിടങ്ങളിൽ ഏഴു പള്ളികൾ സ്ഥാപിച്ച്, വിശ്വാസം നിലനില്ക്കുവാൻ വേണ്ടത്രെ റമ്പാന്മാരേയും, മെത്രാന്മാരേയും നിയമിച്ച്, വളർത്തി വലുതാക്കിയെടുത്ത കേരള ക്രൈസ്തവസഭയ്ക്കു എന്തു പററി...?

ഇതുപോലെ പല ചോദ്യശരങ്ങളും തൊട്ടുവിശ്വാസികളായ നിങ്ങൾ തൊടുത്തു വിട്ടേക്കാം. അന്നത്തെ സുറിയാനിക്കാരിൽ അധികം പേരും തരുന്ന മറുപടി ഇതായിരിക്കും:

''പതിനാറാം നൂററാണ്ടിൻെറ അന്തിമഘട്ടം വരെ, നമ്മുടെ പിതാവ് തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കര സഭയെ ഭരിച്ചിരുന്നതു്, ബാബേൽ പാത്രിയർക്കീസ് അയച്ചിരുന്ന സുറിയാനി മെത്രാന്മാരായിരുന്നു. പക്ഷേ 1599-ൽ നടന്ന ഉദയംപേരൂർ സൂനഹദോസിനുശേഷം, സുറിയാനി മെത്രാന്മാരുടെ ഭരണം നീക്കപ്പെട്ടു. ഇതു്

മലങ്കര നസ്രാണികൾക്ക അത്യന്തം വ്യസനകരമായി ത്തീൻറു.

പറങ്കികളുടെ ആഗമനം, അന്യറീത്തുകാരായ മതാദ്ധ്യക്ഷന്മാരുടെ ഭരണം, ഇവ രണ്ടും നമ്മെ വല്ലാതെ തളർത്തി. ഛിദ്രമത്തിൽ ഉൾപ്പെട്ട് ഒരു ഭാഗം നസ്രാണികൾ യാക്കോബായക്കാരും, മാർത്തോമ്മാക്കാരുമായി മാറിയതു കൂനിന്മേൽകുരുപോലെ നമ്മുടെ ഉള്ള ശക്തി കെടുത്തി.

മെനേസീസ് മെത്രാപ്പോലീത്തായുടെ രാഷ്ട്രീയ ശക്തിക്ക വശംവദരായി സുറിയാനി മേലദ്ധ്യക്ഷന്മാരില്ലാതെ, ലത്തീൻ റീത്തിലുള്ള മേലദ്ധ്യക്ഷന്മാരുടെ കീഴിൽ മൂന്നു നൂററാണ്ടുകളോളം കഴിയേണ്ടി വന്നതു് നമ്മെ ഹതാശരാക്കി.

സ്വന്തം റീത്തിൽപ്പെട്ട മെത്രാന്മാരെ ലഭിക്കുന്നതിനു്, റോമ്മായിലും പോർട്ടുഗലിലും നസ്രാണികളിൽ ചിലർ തുടർച്ചയായി ഹർജികൾ അയച്ചുകൊണ്ടിരുന്നു. പക്ഷേ ആ സങ്കടഹർജികൾ കടം കമഴ്ത്തിവെള്ളമൊഴിക്കുന്നതുപോലെ നിഷ്ഫലമായി. അതു മനസ്സിലാക്കിയ സുറിയാനിക്കാർ തികച്ചും അക്ഷമരായി. ഒരു സുറിയാനിമെത്രാനെ അയച്ചുകൊടുക്കണമെന്നു കാണിച്ച് ബാബേൽ പാത്രിയക്കീസിൻെറ അടുക്കലും അവർ ഹർജികൾ അയച്ചുകൊണ്ടിരുന്നു.

ഒടുവിൽ, ഉഴലുന്ന വേഴാമ്പലിനു് ഒരു തുള്ളി ജലം കിട്ടി...! ആഞ്ഞടിച്ച കാററിലും പിശറിലും നിന്നു്. അതായിരുന്നു റോക്കോസ് മെത്രാൻ. കൊടുങ്കാററാകുന്ന ശീശ്മയുടെ നേരെ വേഴാമ്പലാകുന്ന ചില സുറിയാനിക്കാർ കണ്ണടച്ചു. പിശറിൽ നിന്നും ലഭിക്കുന്ന ജലകണികയ്ക്കുവേണ്ടി വായ് പൊളിച്ചു. സുറിയാനിക്കാരെ ആകെ മൊത്തം കൽദായ സഭയുടെ കൽത്തുറുങ്കിലേയ്ക്കു സൂത്രത്തിൽ കടത്തിവിടാനുള്ള കൊടുങ്കാററായിരുന്നു അതെന്നു്, ആദ്യമാദ്യം ആരുമാരും അറിഞ്ഞതുമില്ല...!''

യാലും രക്ഷിച്ചുവെന്നും, ആ കാലത്തിൻെറ ഓമ്മയുള്ള വരൊക്കെയും ഗ്രഹിച്ചിരിക്കുന്നേ സത്യമായിരിക്കുന്നു.

ജലപ്രളയത്തിൽ നോഹിൻെറ പെട്ടകം ഇല്ലായി രുന്നു എന്നു വരികിൽ യാതൊരു മനുഷ്യനും രക്ഷപെടാ തിരുന്നേനെ, എന്നപോലെ പ്രിയോരച്ചനും * ഈ സഭയും ഇല്ലായിരുന്നു എന്നു വരികിൽ, എല്ലാ സുറി യാനി പള്ളികളും ശീശ്മയിൽ ഉരംപ്പെട്ടു പോകുമായി രുന്നേനെ എന്നു ന്യായത്തോടുകൂടെ വിചാരിക്കുന്നതായി രിക്കുന്നു.''

## വികാരി ജനറാൾ ആക്കിയതെന്തിനു് ....?

കേരളത്തിലെ അന്നത്തെ ദുരവസ്ഥയുടെ ഏകദേശ രൂപമെന്തായിരുന്നു? അതു ഏറെക്കുറെ നിങ്ങൾക്കു മന സ്സിലാകും, എനിക്കു ലഭിച്ച താഴെക്കാണുന്ന അധികാര പത്രത്തിലൂടെ ഒന്നു കണ്ണോടിച്ചാൽ.

''ചാവറ കര്യാക്കോസ് ഏലിയാച്ചനു്,

നാം മലയാളത്തിൻെറ വിഗാരി അപ്പസ്തോലിക്കാ ആയ പ്രെ. ബെർണ്ണർദീനോസ് ദെസാന്ത ത്രേസ്യാ, പർ സ്സാല്യയുടെ മെത്രാപ്പോലീത്താ എഴുത്തു്.

നമ്മുടെ സ്നേഹിക്കപ്പെട്ട മാന്നാനത്തു കൊവേന്ത മുത ലായ കൊവേന്തകളുടെ പ്രീയോരു ചാവറെ പെ. ബ. കുരിയാക്കോസ് കത്തനാരു കണ്ടുന്നാൽ,

പല കാലങ്ങളിൽ ആയിട്ടു് നമ്മുടെ കീഴുള്ള പള്ളി കളിൽ അടങ്ങി വരുന്ന ക്രിസ്തവരെ ഭരിക്കുന്നതിൽ നിന്നുള്ള പ്രയാസത്താലും, നമ്മുടെ വയസ്സിൻെറ അധി കത്വത്താലും, ക്ഷീണവും സ്വസ്ഥാനക്കേടും ഭവിച്ചിരിക്കു ന്നതും കൂടാതെ,

നമ്മുടെ ഭരിപ്പിൽ നിന്നു് പട്ടക്കാക്കും മറ്റുള്ള അജ്ഞാനികൾക്കു അവർടെ ആത്മഗുണത്തിനടുത്ത ഫലം ഉണ്ടായി കാണ്മാനില്ലാത്തതിനാലും, ഇപ്പഴത്തെ സംഗ തികളാലും, ദിഷ്ഠതിയായിരുന്നാൽ ഒരു വിഗാരി ജന

* ഈ സഭ – സി. എം. ഐ. സഭ

റാളിനെ നിശ്ചയിച്ച നടത്തി വയ്ക്കുന്നതിന്നു ശുദ്ധ ത്രന്തോസ് സൂനഹദോസ് അനുവദിച്ചിരിക്കുന്നതിൻ വണ്ണം,

വേണ്ടുന്ന ധൈര്യവും, മിടുക്കും, ബോധജ്ഞാനവും, പുണ്യവ്യാപാരവും തനിക്കുണ്ടെന്നു ബോധിച്ച,

നമ്മുടെ കീഴ മലയാളത്തിലുള്ള സുറിയാനി പള്ളികളിൽ അടങ്ങിയിരിക്കുന്ന പട്ടക്കാരുടെയും, അംമേനികളുടെയും, ആത്മപരിപാലനം ചൈത, അവരെ ഭരിക്കുന്നതിന്നു വിഗാരി ജനറാളായിട്ടു തന്നെ നാം കല്പിച്ച,

ശുദ്ധ. പള്ളി ആകമാനമായിട്ട് അനുവദിച്ചിട്ടുള്ള മുഷ്ക്കരത്തങ്ങളും അനുവാദങ്ങളും കൂടാതെ, പ്രത്യേകമായിട്ടുള്ളതിൽ തനിക്കു നാം എഴുത്താലെ തരുമെന്ന ക്രമകടലാസ്സിൽ പറയുന്ന അനുവാദങ്ങളും മുഷ്കരത്തങ്ങളും കൂടെ തനിക്കു നാം തന്നിരിക്കുന്നു.

എന്നതു കൊണ്ടു മേലെഴുതിയ പ്രകാരം നമ്മുടെ കീഴുള്ള സുറിയാനി പള്ളികളിൽ, അടങ്ങിയിരിക്കുന്ന പട്ടക്കാരരുടെയും ശേഷം ജനങ്ങളുടെയും ആത്മ പരിപാലനം ചൈത, ആ പള്ളികളെ ഭരിപ്പാൻ വേണ്ടുന്ന ദൈവമനഗ്ഗുണം തനിക്കുണ്ടാകുവാൻ ഉടയ തമ്പുരാനോടു നാം പ്രാത്ഥിക്കുന്നു.

ഇതു വരാപ്പുഴെനിന്നും 1861-ാം കാലം മിഥുനമാസം 8-ാം നു-.

Fr. Bernardinus A S. Tersia Archip: Vic: Ap:
Pater Thomas Guianar Secret : "

ഒരു വെടിക്കു രണ്ടു പക്ഷി ലഭിക്കുമെന്നുള്ള പ്രതീക്ഷയോടുകൂടിയായിരുന്നു, ബെർണ്ണർദീനോസ് മെത്രാപ്പോലീത്താ, എന്നെ വിഗാരി ജനറാളായി നിയമിച്ചതു്. അതിനു തെളിവായിരുന്നു, പ്രോപ്പഗാന്ത തിരുസംഘത്തിന്നു് ജൂൺ 15-ാം തീയതി അദ്ദേഹമയച്ച കത്തു്. പ്രീഫെക്ട് കർദ്ദിനാറം ബർണ്ണബൊ, ഈ കത്തു് പരി. പിതാവു് 9-ാം പീയൂസ് മാർപ്പാപ്പാക്കു സമർപ്പിച്ചു. 1865 മാർച്ച് 6-ാം തീയതി സമ്മേളിച്ച കർദ്ദിനാളന്മാരുടെ പൂർണ്ണ

സമ്മേളനം (Plenary Consistory) എന്നെ മെത്രാനായി അഭിഷേകം ചെയ്യുന്നതിനു തീരുമാനിക്കുകയും ചെയ്തു. [Ref. lettere Decretti Col. II. 1864–65, P. 419 V]

## ഉള്ളുകള്ളി പുറത്താക്കുന്ന കത്ത്

ബച്ചുർദീനോസ് മെത്രാപ്പോലീത്താ റോമിലേക്കു അയച്ച ആ കത്ത്, കാക്കയുടെ വിശപ്പും പശുവിന്റെ കടിയും തീരണമെന്നുള്ള ഉദ്ദേശത്തോടുകൂടി എഴുതിയതായിരുന്നു, എന്നു പറയേണ്ടതില്ലല്ലോ. പല ഉള്ളുകള്ളികളും പുറത്താക്കുന്ന ആ കത്തിന്റെ പ്രസക്തഭാഗത്തിന്റെ പരിഭാഷ, നിങ്ങളുടെ ജിജ്ഞാസയുടെ ദാഹശമനത്തിനു താഴെ ചേർക്കുന്നു :

''... മൂന്നാം സഭയിലെ വൈദികരിൽ എല്ലാം കൊണ്ടും പ്രമുഖനും, മാതൃഭവനമായ പ്രധാനാശ്രമത്തിന്റെ പ്രിയോരും, ഈ സഭ മുഴുവന്റെയും തലവനുമായ വന്ദ്യദേഹത്തെ, എന്റെ സഹമിഷനറിമാരുടെ ഉപദേശം ആരാഞ്ഞശേഷം, സുറിയാനിക്കാർക്കുള്ള വികാരി ജനറാളായി ഞാൻ നിയമിച്ച വസ്തുത അവിടെ അറിയിച്ചിട്ടുണ്ടല്ലോ.

ഒരു പ്രതിസന്ധിഘട്ടത്തെ നേരിടേണ്ടിവന്നിരിക്കുന്ന ഇന്നത്തെ ചുററുപാടുകളിൽ, എന്റെ സഹപ്രവർത്തകരായ മിഷനറിമാരുടെ ഉപദേശാനുസരണം, അദ്ദേഹത്തെ മെത്രാനായി അഭിഷേകം ചെയ്യുന്നതുതന്നെയും സമുചിതമായിരിക്കുമെന്നാണ് ഞാൻ വിചാരിക്കുന്നത്.

സാക്ഷാത്തായ ക്രൈസ്തവ ചൈതന്യമുള്ളവനും, സുകൃത സമ്പന്നനും, വളരെ വിവേകമതിയും, വേദപുസ്തകത്തിൽ അഗാധ പാണ്ഡിത്യമുള്ളവനും, സുറിയാനി ഭാഷാവിശാരദനുമാണു അദ്ദേഹം.

ഇവിടെ സഭാഭിന്നത ഉണ്ടാക്കിയവരും, ബാഗ്ദാദിൽ നിന്നു വന്നു കയറിയ ആ 'കയ്യേററക്കാരനും' സകല തന്ത്രവും, എല്ലാ കൗശലങ്ങളും പ്രയോഗിച്ചു നോക്കിയിട്ടും, മിഷനറി വൈദികരോടും, കത്തോലിക്കാമതത്തോടും,

പരി. സിംഹാസനത്തോടും ഉള്ള ഭക്തിയിലും വിശ്വസ്തതയിലും അചഞ്ചലമായി അദ്ദേഹം ഉറച്ചു നില്ക്കുകയാണു ചെയ്യുന്നത്.

സഭാ ഭിന്നതക്കാരുടെ ഉദ്ദേശങ്ങളോടു യോജിച്ചു പ്രവർത്തിച്ചിരുന്നുവെങ്കിൽ എല്ലാവരുംതന്നെ അദ്ദേഹത്തെ അനുഗമിക്കുമായിരുന്നു. അത്ര വലിയ മതിപ്പും ബഹുമാനവും സകലർക്കും അദ്ദേഹത്തോടുണ്ട്. അത്രയേറെയുണ്ട്, അദ്ദേഹത്തിന്റെ സ്വാധീനശക്തിയും.

മെത്രാൻ സ്ഥാനത്തേയ്ക്കു ഞാൻ ശുപാർശ ചെയ്യുന്ന ഈ വന്ദ്യദേഹത്തിന് താദൃശമായ ജോലിക്കുവേണ്ട പരിജ്ഞാനം കുറവായിരിക്കാമെന്നതു ശരിതന്നെ. പക്ഷേ അത് എളുപ്പത്തിൽ പരിഹരിക്കുവാൻ സാധിക്കും.

അദ്ദേഹം ഈ നാട്ടുകാരനും, ഈദൃശസാഹചര്യങ്ങളിൽ ഒരു മെത്രാനുണ്ടായിരിക്കേണ്ട ഗുണലക്ഷണങ്ങൾ തികഞ്ഞവനുമാണ്. അതിനും പുറമെ, മുന്തിരിവള്ളികൾ പറ്റി കയറിപ്പടരുന്ന വൃക്ഷത്തിന്റേതെന്നപോലെ ഞങ്ങളുടെ [വികാരി അപ്പസ്തോലിക്കായുടെയും, മിഷനറിമാരുടേയും] താങ്ങും പിൻതുണയും ഉള്ളതുകൊണ്ടും, കൽദായ പാത്രിയർക്കീസിനോ അദ്ദേഹമയച്ച 'കശ്യോറക്കാരനോ' കഴിയുന്നതിനേക്കാൾ നല്ല ഫലങ്ങൾ അദ്ദേഹം പുറപ്പെടുവിക്കും.

മാത്രമല്ല, അദ്ദേഹം ഉത്തമനായ ഒരു വ്യക്തിയും, പ്രസംഗത്തിലും പരസ്നേഹകൃത്യങ്ങളിലും തീക്ഷ്ണതയുള്ളവനുമാണ്......

എന്നുവരികിലും ഒരു കാര്യം പ്രത്യേകം പറയേണ്ടതുണ്ട്. അമലോത്ഭവയായ കർമ്മല മാതാവിന്റെ മൂന്നാം സഭക്കാരുടെ പ്രിയോരായ ചാവറ കര്യാക്കോസച്ചൻ എന്ന മേല്പറഞ്ഞദ്ദേഹം, 'എളിമയുടെ' വ്രതം ചെയ്തിട്ടുള്ള ആളാണ്. അങ്ങനെ ഒരു വ്രതം ചെയ്തിട്ടില്ലാതിരുന്നാലും, ഇപ്രകാരമൊരു പദവിയോ, ജോലിയോ, പ്രത്യേകമൊരു കല്പനക്കൂടാതെ അദ്ദേഹം സ്വീകരിക്കുകയില്ല.

അദ്ദേഹത്തെ ഞാൻ വികാരി ജനറാളായി നിശ്ചയിച്ചപ്പോൾ ആ സ്ഥാനം സ്വീകരിക്കുന്നതിന് അങ്ങനെ

ഒരു കല്പന ഞാൻ കൊടുക്കേണ്ടി വന്നു......'' [Scritture Originali 1862–66, Originali della Ponenza Caldei–Malabar Feb. 1865]

നലം തികഞ്ഞ ഒരു സന്ന്യാസിയായി, കുട്ടച്ചേന്റ് പ്രാർത്ഥനയിലും പരിത്യാഗത്തിലും ജീവിതം ചെലവഴിക്കുവാൻ പാലയ്ക്കലച്ചൻ മോഹിച്ചിരുന്നു; ലോകവ്യഗ്രതകളിൽനിന്നകന്ന്, കൊവേന്തയിലെ പ്രശാന്തതയിൽ ധ്യാനനിരതനായി, ദൈവസായൂജ്യം പ്രാപിക്കുവാൻ പോരൂക്കരയച്ചൻ ആഗ്രഹിച്ചിരുന്നു; ഇവ രണ്ടിനും ഈ എളിയ ഞാനും. അതിനായിരുന്നു മാന്നാനം കൊവേന്ത തുടങ്ങിയതുതന്നെ.

പക്ഷേ, പരസ്യജീവിതത്തിലിറങ്ങി, പരസ്നേഹത്തിൽ മുഴുകി, സ്വന്തം ആത്മാവിനോടൊപ്പം മററുള്ളവരുടെ ആത്മാക്കളേയും രക്ഷിക്കുവാനാണ്, ദിവ്യരക്ഷകൻ എനിക്കു നൽകിയ ആഹ്വാനം...!

എങ്ങനെ അടങ്ങിയിരിക്കും...? അരയും തലയും മുറുക്കി ഞാൻ അടക്കളത്തിലിറങ്ങി. റോക്കോസ് ശീശ്മയോടു ഞാൻ എങ്ങനെ പോരാടി എന്നു നിങ്ങൾക്കറിയണമോ? ആ നാടകത്തിന്റെ തിരശ്ശീല ഞാനുയർത്താം. അതിനുമുമ്പ്, എനിക്കു പ്രചോദനമരുളിയ കർത്താവിന്റെ തിരുവചനം, നിങ്ങളുടെ ചെവിയിലും ഞാൻ മന്ത്രിക്കട്ടെ:

എന്റെ വത്സല മക്കളായ ''നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്., വിളക്കുകൊളുത്തി ആരും പറയുടെ കീഴിൽ വെയ്ക്കാറില്ല. പീഠത്തിന്മേലാണ് വെയ്ക്കുക. അപ്പോൾ അതു ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകും. അപ്രകാരം, മനുഷ്യൻ നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിന്, നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ''. [മത്താ. 5:13–16]

## VI

### റോക്കോസിന്റെ നാടകം

"ഒരു സുറിയാനിമെത്രാൻ വരാനിരിക്കുന്നു ... !" അതുകേട്ട മാത്രയിൽ മലങ്കരസഭ ഇളകിവശായി, കാള പെറെറന്നു കേട്ടാൽ, തൊഴുത്തിൽ കെട്ടാൻ പറയുന്ന മട്ടിൽ. ബാബേൽ പാത്രിയർക്കീസിന്റെ അനുമതിയോടെ, 1861 മേയ് ൨-ാം തീയതി റോക്കോസ് മെത്രാൻ കൊച്ചിയിൽ വന്നിറങ്ങി. അഭൂതപൂർവ്വമായ സ്വീകരണമായിരുന്നു അദ്ദേഹത്തിനു ലഭിച്ചത് ...!

പാലാ, ഭരണങ്ങാനം മുതലുള്ള പല പള്ളിക്കാരും അദ്ദേഹത്തെ ചെന്നുകണ്ടു മെത്രാനായി സ്വീകരിച്ചു. പല വൈദികരും, സ്വന്തം റീത്തുകാരനായ ഒരു മെത്രാനെ ലഭിച്ചു എന്ന് അഭിമാനിച്ചു; മഴക്കാറുകണ്ട മയിലിനെപ്പോലെ ആനന്ദിച്ചു.

വന്നിറങ്ങിയ ഉടനെ റോക്കോസ് മെത്രാൻ, യാക്കോബായക്കാരൻ കൂറിലോസ് ബാവായുടെ കൂടെയും, പിന്നീടു കൂലിക്കു വാങ്ങിച്ച മറെറാരു വീട്ടിലും താമസമാക്കി. എങ്കിലും, 'സുറിയാനി മെത്രാനും പാററായി മുതലായവരും കൂടി, കൊച്ചിയിൽ നിന്നു പുറപ്പെട്ടാൽ, താമസം കൂടാതെ ബലമായിട്ടു മാന്നാനം കൊവേന്തയിൽ വന്നു കയറി, മെത്രാനെ അവിടെ പാർപ്പിപ്പാൻ തുടങ്ങുന്നു' എന്നൊരു ശ്രുതി പൊങ്ങി.

ഞാൻ അല്പം ഭയന്നു. അക്രമമായി ഒന്നും നടക്കാതിരിക്കുവാൻ സർക്കാർ സഹായം തേടണമെന്നു അഭിപ്രായമുണ്ടായി. എങ്കിലും 'മാർ യൗസേപ്പു പിതാവുതന്നെ തുണ' എന്നു ഞാൻ നിനച്ചു. മനമുരുകി പ്രാർത്ഥിച്ചു. ഫലമോ...? എന്നെ യൗസേപ്പിതാവു രക്ഷിച്ചു ...!

റോക്കോസു മെത്രാനും ശിങ്കിടികളും വാദ്യാഘോഷങ്ങളോടെ ബോട്ടിൽ കയറി, തൈക്കാട്ടുശേരിയിലേക്കാണു പോയത്...! അവിടെ നിന്നും, അദ്ദേഹത്തിന്റെ ആളുകളിൽ പലരും എന്നെ വന്നു കണ്ടു. റോക്കോസു മെത്രാനെ

അംഗീകരിക്കണമെന്നു അപേക്ഷിച്ചു. അതു ഞാൻ നിരസിച്ചു. പിന്നാലെ ഭീഷണി വന്നു. അതിനുശേഷം എന്നെ നാട്ടുമെത്രാനായി വാഴിക്കാമെന്നുള്ള വാഗ്ദാനവും.

പതിനെട്ടാമത്തെ അടവെന്ന മട്ടിൽ എന്നെ സ്തുതിച്ചുകൊണ്ടു്, റോക്കോസു മെത്രാൻെറ കയ്യൊപ്പോടുകൂടി ഒരു കത്തും ഒരാൾ കൊണ്ടുവന്നു "......ഇനിയും വേണ്ടും കാര്യങ്ങൾ മേൽ തന്നോടും കൂടെ ഗുണദോഷിച്ചു നടത്തേണ്ടുന്നതിനായി, തൻെറ മുഖങ്ങളുടെ കാഴ്ചമേൽ നാം സന്തോഷിച്ചു് പാർത്തിരിക്കുന്നതിനാൽ, ഈ എഴുത്തു തൻെറ കൈകളിലെത്തിയാൽ ഒട്ടും താമസം കൂടാതെ, നമ്മുടെ പക്കൽ വന്നു ചേർന്നു കൊൾകയും വേണം."

ഒടുവിൽ ഞാൻ തീരുമാനിച്ചു, ബർണ്ണർദീനോസു മെത്രാപ്പോലീത്തായുടെ അനുമതിയോടെ, റോക്കോസു മെത്രാനെ ചെന്നു കാണുവാൻ. ഞാൻ തൈക്കാട്ടുശേരിയിലെത്തി, 'പാറായിയുടെ വീട്ടിൽ ഇരുന്നുകൊണ്ടു്, മാർപ്പാപ്പായുടെ ബൂള കാണിക്കണമെന്നു്' ആളയച്ചു മെത്രാനോടു ആവശ്യപ്പെട്ടു. അതിനു ബൂള കാണുവാൻ മെത്രാൻെറ പക്കലേയ്ക്കു ചെല്ലണമെന്നു് തൊണ്ടനാട്ടച്ചൻ മറുപടി പറഞ്ഞയച്ചു.'

തുടർന്നു്, ബൂള ഇല്ലെന്നുള്ള സത്യം പലരേയും ഞാൻ ബോദ്ധ്യപ്പെടുത്തി. തീയില്ലാതെ ചൂടാനൊക്കുമോ ...! പുക കാണാനൊക്കുമോ ...? ചില പള്ളിക്കാർ അതു കേട്ടു അവിടം വിട്ടുപോകുകയും ചെയ്തു. റോക്കോസു മെത്രാനെ കാണാതെ തന്നെ ഞാനും മടങ്ങി.

താമസംവിനാ, മററുള്ളവരുടെ പ്രേരണയ്ക്കും ഒത്താശകൾക്കും വഴങ്ങി, റോക്കോസു മെത്രാൻ പള്ളികൾ സന്ദർശിക്കുവാനും, പട്ടം കൊടുക്കുവാനും, ഒരു സുറിയാനി മെത്രാനുള്ള അധികാരങ്ങളും അവകാശങ്ങളും സ്ഥാപിച്ചെടുക്കുവാനും തുടങ്ങി. കുറുക്കൻ രാജാവായി ...!

സത്യാവസ്ഥ എന്തെന്നു മനസ്സിലാക്കാതെ, ഇരുട്ടത്തു കൂട്ടിയ കുപ്പയിൽ ചെന്നു വീണു തുലയുന്ന ഈയാംപാററകളെപ്പോലെ, സുറിയാനി കത്തോലിക്കർ റോക്കോസിൻെറ പിന്നാലെ പാഞ്ഞു. 154 ഇടവകകളിൽ

116-ഉം റോക്കോസ് ശീശ്മയുടെ പിടിയിലായി. ബാക്കി 38 പള്ളികൾ കിണ്ണത്തിൻെറ വക്കത്തെ കടുകപോലെയു മായി.

റോക്കോസിൻെറ കൂടാരത്തിൽ നിന്നു ഇടമുറിയാതെ ദ്രോഹശരങ്ങൾ എൻെറമേൽ പ്രത്യേകിച്ചും, എന്നെ പിന്താങ്ങിയ കൊവേന്തപ്പട്ടക്കാരുടെമേൽ സാമാന്യ മായും വർഷിച്ചു കൊണ്ടിരുന്നു. എന്നിട്ടും ഭൂരിപക്ഷ ത്തിൻെറ സമ്മർദ്ദത്തിനു വഴങ്ങുവാൻ ഞാൻ തയ്യാറാ യില്ല. അന്ധകാരം, അന്ധകാരം തന്നെ. ഭൂരിപക്ഷം പറഞ്ഞാൽ, അന്ധകാരം പ്രകാശമാകുമോ ...?

ആ അന്ധകാരത്തിൽ സത്യപ്രകാശത്തിൻെറ കിരണം വീശുവാനാണ്, ഞാൻ പ്രയത്നിച്ചത്. അതിൻെറ മുന്നോടിയായിരുന്നു, മാന്നാനം അച്ചടിശാലയിൽ നിന്നും, എല്ലാ പള്ളിക്കാരേയും ഞാനറിയിച്ച പരസ്യ ലേഖനം.

## എൻെറ പരസ്യലേഖനം

സുവിശേഷം ശുദ്ധ. ലൂക്കാ. 11 അ. 23 വചനം.

എന്നോടുകൂടി ആയില്ല എന്നവൻ ഇനിക്കു വിരോധി ആകുന്നു. എന്നോടുകൂടെ കൂടാത്തവൻ വെമ്പയായിട്ടു ചിത റിക്കുന്നു എന്നും നമ്മുടെ കർത്താവീശോമിശിഹാ അരുളി ച്ചെയ്തിരിക്കുന്ന തിരുവചനങ്ങളാൽ കല്പിച്ചതാകുന്നു.

തൻെറ സ്ഥാനത്തിലിരിക്കുന്ന മാർ പത്രോസ് ശ്ലീഹായുടെ അനന്തരസൂഖക്കാരനായിരിക്കുന്ന ശുദ്ധമാന മാർപ്പാപ്പായുടെ കല്പനയോടുകൂടെ അധികാരം കൈ ക്കൊള്ളാതെയും, അതിനെ പെരുമാറാതെയും, തൊഴുക്കു ട്ടിൽ പ്രവേശിക്കുന്ന ഇടയൻ, ആടുമാടുകളെ കൂട്ടുന്ന ഇട യനാകുന്നില്ല; എന്നുതന്നെയുമല്ല, പിന്നെയോ ചിതറി ക്കുന്നു.

കർത്താവിൻെറ വിഗാരിയായ ശുദ്ധ. മാർപ്പാപ്പാ യോടു ചേരാതെ പിരിയുന്ന ഇടയൻ, കർത്താവിൻെറ വിരോധി ആയിരിക്കുന്നതിനാൽ, ഇങ്ങനെയുള്ള ഇട യനും, ഈയാളോടു കൂടുന്നവരും, കർത്താവിൻെറ വിരോ

ധികറംക്ക താൻ കല്പിച്ചിരിക്കുന്ന നരകത്തിൽ ചെന്നു വീഴുന്നതിന്നു സംശയമില്ല.

ഈ വണ്ണം ശുദ്ധ. മാർപ്പാപ്പായുടെ കല്പനയും തിരുവെഴുത്തും കൂടാതെ, പുറപ്പെട്ടിരിക്കുന്ന ഇടയന്മാരത്രെ, ഇപ്പോറം ബാഗ്ദാദിൽനിന്നു പുറപ്പെട്ട്, മലയാളത്തിലെ കർത്താവിൻെറ തൊഴുക്കൂട്ടിൽ പ്രവേശിച്ച്, തൻെറ ആടുകളായ നമ്മെ ചിതറിച്ച്, നരകചെന്നായ്ക്കളായ പിശാചുകറംക്ക് ഇരയായിട്ടവാൻ ഭാവിച്ചു പുറപ്പെട്ടിരിക്കുന്നു എന്നും പട്ടാങ്ങയാലെ ബോധിച്ചിരിക്കുന്നു.

ആസ്ഥകൊണ്ടു സ്നേഹിക്കപ്പെട്ട കൂടപ്പിറപ്പുകളെ വാതിലിൽ കൂടെ തൊഴുത്തിൽ കരേറാത്തവൻ കള്ള ഇടയനാകുന്നു എന്നും, ആടിൻെറ വേഷം ധരിച്ച ചെന്നാ എന്നും, കർത്താവിൻെറ തിരുവചനമാകയാൽ, ശുദ്ധ. മാർപ്പാപ്പായുടെ തിരുവെഴുത്തു കൂടാതെ ഈ നമ്മുടെ തൊഴുത്തിൽ പ്രവേശിപ്പാൻ ഭാവിക്കുന്ന മേൽപറഞ്ഞ ഇടയന്മാരു വന്നാൽ, അവരുടെ ചതിവായ വചനത്തിനു ചെവി കൊടുക്കാതെയും, അവരോടു ചേരാതെയും, കർത്താവിൻെറ വിഗാരിയായ ശുദ്ധ. മാർപ്പാപ്പാ നമ്മുടെ മേൽ കല്പിച്ച പെ. ബ. വരാപ്പുഴ വിഗാരി അപ്പസ്തോലിക്കായ്ക്കു തന്നെ കീഴ്‌വഴങ്ങി നടപ്പാൻ, രക്ഷക്കടുത്ത ദിഷ്ഠിതിയാലെ ആവശ്യമായിരിക്കുന്നത. എന്നിയെ, ഇങ്ങനെയുള്ളവരുടെ കൈകളാൽ വേദസാക്ഷികളായിട്ടു മരിപ്പാൻ നമുക്കു ഇടകൂടി എംകിൽ, ദൈവത്തിൻെറ ഏററിക്കപ്പെട്ട മനോഗുണം എന്നോർത്തു, ആയതിനു കൂടെയും തുനിയുന്നവരായിരിപ്പാനും, ആവശ്യമായിരിക്കുന്നു.

ഇതല്ലാതെ, ശുദ്ധമാന മാപ്പാപ്പായുടെ കല്പനയോടും തിരുവെഴുത്തോടുംകൂടി വരുന്നവരായിരുന്നാൽ, നേരുള്ള വാതിലായ ഈ മലയാളത്തിലുള്ള പെ. ബ. വിഗാരി അപ്പസ്തോലിക്കമൊരായ വരാപ്പുഴ മെത്രാപ്പോലീത്താച്ചൻെറ പക്കൽ എംകിലും, കൊല്ലത്തു മെത്രാനച്ചൻെറ പക്കൽ എംകിലും, ഈ തിരുവെഴുത്തു സാക്ഷിയോടുകൂടെ കാണിച്ച്, അനുവാദത്തോടുകൂടെ മാത്രമെ, നമ്മുടെ

യാതൊരു പള്ളിയിൽ എംകിലും കരേറി, ക്കൂദാശപ്രവൃത്തി ചെയ്‌വാൻ ന്യായമാകുന്നുള്ളൂ എന്നും അറിഞ്ഞിരി ക്കട്ടെ.

ഇതു കൂടപ്പിറപ്പുകളായ തങ്ങളുടെ (നിങ്ങളുടെ) ആത്മ രക്ഷയെ ആഗ്രഹിച്ചും, നമ്മുടെ ഏക തലവനായ ശുദ്ധ. മാർപ്പാപ്പായുടെ വല്യശാപവും ഏററം പുത്തനായ ഒരു സീസ്മയിൽ ഉൾപ്പെട്ട് എന്നന്നേയ്ക്കും നശിച്ചു പോകുവാൻ യാതൊരുത്തക്ക് എംകിലും ഇടവന്നേക്കമെന്നും ഭയപ്പെട്ട്, ആയ്തു വരാതിരിപ്പാൻ, തങ്ങളുടെ ആത്മരക്ഷയെ ആഗ്ര ഹിച്ചുംകൊണ്ട്, തെക്കേപുറത്തും വടക്കേപുറത്തും ഉള്ള പള്ളി ക്കാരായ ബ. എന്റെ കൂടപ്പിറപ്പുകൾ പട്ടക്കാരക്കും, സ്നേഹിക്കപ്പെട്ട എന്റെ ജ്യേഷ്ഠാനുജന്മാരായ വിശ്വാസ ക്കാരക്കുംകൂടി,

മാന്നാനം മുതലായ കൊവേന്തകളുടെ പ്രിയോരായ
തങ്ങളുടെ എളിയ കൂടപ്പിറപ്പ്,
ചാവറ കുറിയാക്കോസ് ഏലിയ പട്ടക്കാരൻ''.

ഈ ലേഖനത്തിന്റെ കൂടെ, നമ്മുടെ മാതാവിനോടു ള്ള താഴെക്കാണുന്ന ഒരു ജപവും എല്ലാവരും എത്തിക്കുവാ നായി, ഞാൻ അയച്ചു കൊടുത്തിരുന്നു. കാരണം നമ്മുടെ ഏതു ആപത്തിലും സഹായഹസ്തം നീട്ടിത്തരുന്നവളാ ണല്ലോ, നമ്മുടെ അമ്മ...?

**ജപം**

ജന്മപാപമില്ലാതെ ഉത്ഭവിച്ച മറിയമെ... ! തിരു സ്സഭയ്ക്കു നേരിട്ട എല്ലാ നാശങ്ങളേയും നീക്കിയ മാതാവേ, പുത്തനായിട്ടു മുളച്ചുണ്ടാകുന്ന സീശ്മ ആയത, ഠരം തിരു സ്സഭയെ കലക്കുവാൻ തക്കവണ്ണം, നീ കൈവിടാതിരിക്ക ണമെ.

ശുദ്ധമാന പത്രോസിന്റെ അധികാരം കൈക്കൊ ണ്ടിരിക്കുന്ന ശുദ്ധ. മാർപ്പാപ്പായ്ക്കു മുഴവനായ കീഴ്‌വഴക്കം, എന്നും, എല്ലായിടത്തിലും, നടന്നു വരുവാൻ നീ കൃപ ചെയ്യേണമെ. ആമ്മേൻ.